I . ഇ.ബി.XIII –കേരള നിയമസഭ/X—11

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

# നിയമസഭാ നടപടികൾ – സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജനുവരി 28, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

**അടിയന്തര പ്രമേയം**

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കെട്ടുകാര്യസ്ഥത**

മി. സ്പീക്കര്: കേരളത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള സർക്കാരാശുപത്രികളിൽ ഗുണമേന്മയുള്ള ഔഷധങ്ങൾ യഥാസമയം സംഭരിച്ച് ആവശ്യാനുസരണം വിതരണം ചെയ്യുന്നതിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പരാജയപ്പെട്ടിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം

ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. എസ്. സുനിൽ കുമാര്, കെ. കെ. ജയചന്ദ്രന്, മാത്യു ടി. തോമസ്, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാര്): കേരളത്തിൽ പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജ് ആശുപത്രിവരെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന ജനറിക് മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. 2014-2015 സാമ്പത്തിക വർഷത്തേക്കുള്ള മരുന്നുകൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് മരുന്ന് വാങ്ങുന്നതുവരെ വിതരണം ചെയ്യുവാനുള്ള മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഗോഡൗണുകളിൽ സംഭരിച്ചിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് മരുന്ന് ലഭ്യമാകുന്നില്ലെന്ന പരാതി ഇപ്പോൾ ഉണ്ടാകുന്നില്ല. മരുന്നുകളുടെ ഗുണനിലവാര പരിശോധന ഉറപ്പുവരുത്തുന്നതിന് കൂടുതൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ വളരെ ഫലപ്രദമായാണ് മരുന്ന് വിതരണം ചെയ്തുവരുന്നത്.

ശ്രീ. വി. എസ്. സുനിൽ കുമാര്: കേരളത്തിലെ പ്രാഥമികാരോഗ്യ

കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള സർക്കാരാശുപത്രികളിൽ ഗുണനിലവാരമുള്ള മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും യഥാസമയം വിതരണം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ആവശ്യമില്ലാത്തതും ഗുണനിലവാരമില്ലാത്തതുമായ കോടിക്കണക്കിന് രൂപയുടെ മരുന്നുകളാണ് വാങ്ങുന്നത്. കാരുണ്യ ബെനവലന്റ് ഫണ്ടിലൂടേയും ഹെൽത്ത് കാർഡിലൂടേയും രോഗികൾക്ക് മരുന്നു ലഭിക്കുന്നതുകൊണ്ടാണ് ആശുപത്രികളിൽനിന്ന് മരുന്ന് കിട്ടുന്നില്ലെന്ന പരാതി ഉണ്ടാകാത്തത്. ആരോഗ്യ മേഖലയുമായി യാതൊരു ബന്ധവുമില്ലാത്തവരെ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ എം.ഡി. യും ജനറൽ മാനേജരുമായി നിയമിച്ചിട്ടുള്ളതുമൂലം അവർ മരുന്ന് കമ്പനികളുടെ താൽപ്പര്യത്തിനനുസരിച്ച് ഉപയോഗമില്ലാത്തതും കാലാവധി തീരാറായതുമായ മരുന്നുകൾ വാങ്ങിക്കൂട്ടുകയാണ്. ഹെൽത്ത് സെന്ററുകൾക്ക് വിതരണം ചെയ്ത ഉപയോഗമില്ലാത്ത മരുന്നുകൾ കത്തിച്ചുകളയുകയാണ് ചെയ്യുന്നത്. പുതിയ സിസ്റ്റം കൊണ്ടുവന്നതുവഴി മരുന്നുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തിയിരുന്ന സോഫ്റ്റ്‌വെയർ സംവിധാനങ്ങളെല്ലാം തകരുകയും മരുന്നു കമ്പനികളുടെ താൽപ്പര്യാർത്ഥം പ്രവർത്തിക്കുകയുമാണ് ചെയ്യുന്നത്. മരുന്ന് വാങ്ങുന്നതുമായി ബന്ധപ്പെട്ട അഴിമതിക്കെതിരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. കാരുണ്യ ഫാർമസിക്കുവേണ്ടി മരുന്ന് വാങ്ങുന്നതിനുള്ള ടെണ്ടർ ക്ഷണിക്കാത്തതുമൂലം

കോടിക്കണക്കിന് രൂപയുടെ അഴിമതി നടക്കുന്നു. ഡോക്ടർമാർ മരുന്നുകളുടെ ജനറിക് പേര് കുറിച്ചുനൽകണമെന്നുള്ളത് നടപ്പാക്കാൻ സർക്കാർ തയ്യാറാകുന്നില്ല. മരുന്ന് ലോബികളെ തകർക്കാൻ വേണ്ടി രൂപീകരിച്ച മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കെടുകാര്യസ്ഥതകൊണ്ടും അഴിമതികൊണ്ടും ഗവൺമെന്റിന് സാമ്പത്തിക ബുദ്ധിമുട്ടും ബാദ്ധ്യതയും ഉണ്ടാക്കുന്ന ഒരു സ്ഥാപനമാണെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമമാണ് നടത്തുന്നത്. സംസ്ഥാനത്തെ പാവപ്പെട്ടവരെ ബാധിക്കുന്ന ഗുരുതരമായ ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാര്) : കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലൂടെ ഏറ്റവും ഫലപ്രദമായ മരുന്നുവിതരണ സമ്പ്രദായമാണ് നടപ്പിലാക്കിയിട്ടുള്ളത്. കഴിഞ്ഞവർഷം ജനറിക് മരുന്നുകൾ വാങ്ങുന്നതിന് 290 കോടി രൂപയുടെ ഓർഡറാണ് കൊടുത്തിട്ടുള്ളത്. കാരുണ്യ സ്കീം വഴി അറുപത് കോടി രൂപയുടെ മരുന്നു വാങ്ങുന്നുണ്ട്. പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജുകൾവരെ ജനറിക് മരുന്നുകൾ വിതരണം ചെയ്യുന്നതിന്റെ ആദ്യ ഘട്ടമായി കേരളത്തിലെ അഞ്ച് മെഡിക്കൽ കോളേജുകളിലൂടെയും മൂന്ന് ജനറൽ ഹോസ്പിറ്റലുകളിലൂടെയും ജനറിക് മരുന്നുവിതരണം കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മരുന്നുവിതരണത്തിലെ

കാലതാമസം ഒഴിവാക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയോഗിച്ച് ഓരോ വർഷത്തേയ്ക്കുമുള്ള ഇൻഡന്റ് തയ്യാറാക്കി മാർച്ച് മാസംതന്നെ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഗോഡൗണുകളിൽ ആവശ്യത്തിന് മരുന്നുകൾ ഉണ്ട്. ബന്ധപ്പെട്ടവരുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ മരുന്നുകളുടെ ലിസ്റ്റിൽ പുന:ക്രമീകരണം നടത്തുകയും കെ.എം.എസ്.സി.എല്-ന്റെ ഡ്രഗ് ലിസ്റ്റ് 771 ആയി പരിമിതപ്പെടുത്തിയിട്ടുമുണ്ട്. മരുന്നുകളുടെ ഗുണനിലവാര പരിശോധന ഉറപ്പുവരുത്തുന്നതിനായി എറണാകുളത്ത് ലബോറട്ടറി തുടങ്ങുകയും മൂന്ന് ലബോറട്ടറികൾകൂടി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ജനറിക് മരുന്നുകൾ എന്.എ.ബി.എല്. അക്രെഡിറ്റഡ് എംപാനൽഡ് ലാബുകളിൽ പരിശോധിച്ചതിനുശേഷം മാത്രമേ കെ.എം.എസ്.സി.എല്.-ന് നൽകാൻ പാടുള്ളൂവെന്ന് തീരുമാനിച്ചിട്ടുണ്ട്. ഡ്രഗ്സ് കൺട്രോളറുടെ നേതൃത്വത്തിൽ റാന്റം ചെക്കിംഗും നടത്തുന്നുണ്ട്. 2007-ൽ കെ.എം.എസ്.സി.എല്. രൂപീകരിച്ചപ്പോൾ ഉണ്ടായിരുന്ന ആവശ്യമില്ലാത്തതും കാലാവധി കഴിഞ്ഞതുമായ മരുന്നുകൾ നശിപ്പിക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റ് എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഉപയോഗശൂന്യമായ മരുന്നുകൾ കത്തിച്ചിട്ടുള്ളത്. സോഫ്റ്റ്വെയറിൽ തകരാർ സംഭവിച്ചതുമൂലം മാനുവലായിത്തന്നെ ഇൻഡന്റിംഗ് പൂർത്തീകരിക്കുകയും

ഫംഗ്ഷണൽ ആഡിറ്റ് നടത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പർച്ചേസ് കമ്മിറ്റികൾ കമ്പനികളുമായി നെഗോസിയേഷൻ നടത്തിയാണ് കാരുണ്യ മെഡിക്കൽ സ്റ്റോറുകൾവഴി വിതരണം ചെയ്യുന്ന മരുന്നുകൾ വാങ്ങുന്നത്. കെ.എം.എസ്.സി.എല്.-ൽ നടത്തിയ നിയമനങ്ങൾ തികച്ചും സുതാര്യമാണ്. ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഏറ്റവും നല്ല പൊതുമേഖലാ സ്ഥാപനമായി തെരഞ്ഞെടുത്തത് കെ.എം.എസ്.സി.എല്.-നെയാണ്. മരുന്നു വിതരണം സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിന് ടോൾഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുണ്ട്. ലഭ്യമാകുന്ന പരാതികളിൽ അടിയന്തരമായി നടപടികൾ സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യേണ്ട കാര്യമില്ല.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദന്, സി. ദിവാകരന്, സി. കെ. നാണു, എ. എ. അസീസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനു ശേഷം തിരിച്ചുവരികയും ചെയ്തു.)

**<u>ശ്രദ്ധക്ഷണിക്കൽ</u>**

**(1) <u>ജീവിതശൈലി രോഗങ്ങൾ</u>**

<u>ഡോ. എൻ. ജയരാജ്</u> : തെറ്റായ ഭക്ഷണരീതി, വ്യായാമക്കുറവ്, ഉത്കണ്ഠ എന്നീ കാരണങ്ങളാലും മയക്കുമരുന്ന്, മദ്യം തുടങ്ങിയവയുടെ വ്യാപക ഉപഭോഗം മൂലവുമുള്ള ജീവിതശൈലി രോഗങ്ങളുടെ വ്യാപനം ഇന്ന് കേരളം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ്. കേരളത്തിൽ അഞ്ചുപേരിൽ ഒരാൾ പ്രമേഹരോഗിയാണെന്നും ഏകദേശം അമ്പതിനായിരത്തോളം പേർ കാൻസർ ബാധിതരാണെന്നും സ്ത്രീകൾക്കിടയിൽ സ്തനാർബുദം വർദ്ധിച്ചുവരുന്നതായും കണക്കുകൾ സൂചിപ്പിക്കുന്നു. രക്തസമ്മർദ്ദം, കൊളസ്ട്രോൾ, പ്രമേഹം ഇവ ഹൃദ്രോഗ സാധ്യതകൾ വർദ്ധിപ്പിക്കുന്നു. പുകവലി, മദ്യപാനം തുടങ്ങിയവമൂലം ലിവർ സിറോസിസ് ഉൾപ്പെടെയുള്ള ഉദര രോഗങ്ങളും കൂടിവരുന്നു. പുകയില, പാൻമസാല, മയക്കുമരുന്ന് തുടങ്ങിയവയുടെ ഉപഭോഗം യുവാക്കൾക്കിടയിലും കുട്ടികൾക്കിടയിലും വർദ്ധിച്ചിരിക്കുന്നു. കുട്ടികൾക്കിടയിൽ പൊണ്ണത്തടി വർദ്ധിക്കുന്നു. ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ഡാറ്റയുടെ പിൻബലമില്ലാതെയാണ് രോഗപ്രതിരോധ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ളത്. ഒന്നാംക്ലാസ്സുമുതൽ ജീവിതശൈലി രോഗങ്ങളുടെ ബോധവത്കരണവുമായി ബന്ധപ്പെട്ട പാഠ്യപദ്ധതിക്കും പഴമയുടെ നന്മകൾ കൂടി കണക്കിലെടുത്തുകൊണ്ടുള്ള ആരോഗ്യപരിപാലന പരിപാടിക്കും രൂപം കൊടുക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാര്‍): ജീവിതശൈലി രോഗ നിയന്ത്രണത്തിനുവേണ്ടി വളരെയധികം കര്‍മ്മ പദ്ധതികള്‍ ഗവണ്‍മെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ട്. ഒരു വര്‍ഷം 30 വയസ്സിനു മുകളിലുള്ള ഒരു കോടി ആളുകളെ ഉള്‍പ്പെടുത്തി സ്ക്രീനിംഗ് നടത്തുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. എല്ലാ സബ് സെന്ററുകളിലും പ്രൈമറി ഹെല്‍ത്ത് സെന്ററുകളിലും സി.എച്ച്.സി.-കളിലുമുള്ള ആശാ വര്‍ക്കേഴ്സ്, ജെ.പി.എച്ച്.എന്‍. മുതലായവര്‍ വീടുകളില്‍ പോയി സ്ക്രീനിംഗ് നടത്തി രോഗികളെ ആശുപത്രിയില്‍ കൊണ്ടുവന്ന് ട്രീറ്റ്മെന്റ് കൊടുക്കുന്ന പദ്ധതിയാണിത്. ഇതിനുവേണ്ടി ഹെല്‍ത്ത് സെന്ററുകള്‍ വഴി 12 ഇനം മരുന്നുകള്‍ ഉള്‍പ്പെടുത്തി 'അമൃതം ആരോഗ്യം' എന്ന ബൃഹത്തായ കര്‍മ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പൊതു സ്ഥാപനങ്ങള്‍ക്കും എന്‍.ജി.ഒ.-മാര്‍ക്കും അവബോധം നല്‍കുന്നതിനുള്ള 'ലൈഫ് സ്റ്റൈല്‍ ലിറ്ററസി പ്രോഗ്രാം', തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ സമഗ്ര അവബോധം, സ്കൂളുകളില്‍ 'ലൈഫ് സ്റ്റൈല്‍ ഡിസീസ് എഡ്യൂക്കേഷന്‍ ആന്റ് അവയര്‍നസ്സ് പ്രോഗ്രാം', വിദൂര പ്രദേശങ്ങളിലും തീരപ്രദേശങ്ങളിലേയും ജനങ്ങള്‍ക്കായി 'കെയര്‍ ഓണ്‍ വീല്‍സ് ആന്റ് കെയര്‍ ഓണ്‍ വേവ്സ്',

ഫാക്ടറികളിലും ഓഫീസുകളിലും ഹെൽത്ത് സ്ക്രീനിംഗ്, സ്കൂളുകളിൽ യോഗ പരിശീലനം, മുതലായ പരിപാടികളാണ് ജിവിതശൈലി രോഗങ്ങളെക്കുറിച്ചുള്ള കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കുട്ടികളുടെ ജീവിതശൈലി രോഗ നിയന്ത്രണ സമഗ്ര പദ്ധതിയാണ് 'ലീപ്പ്". 45 ലക്ഷത്തോളം കുട്ടികളെ ഇതിൽ ഉൾപ്പെടുത്തി സ്ക്രീനിംഗ് നടത്തി രോഗമുള്ളവർക്കാവശ്യമായ ചികിത്സ സൗജന്യമായി കൊടുക്കുകയാണ്. അതിനുവേണ്ടി 1200 ഓളം സ്കൂൾ ഹെൽത്ത് നഴ്സുമാരെ നിയമിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. കുട്ടികളിൽ അവബോധം ഉണ്ടാക്കുന്നതിനും ശാരീരികവും മാനസികവുമായ പുരോഗതിക്കും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പാൻ മസാല അടങ്ങിയ ഉൽപന്നങ്ങൾ സ്കൂൾ പരിസരങ്ങളിൽ വിൽക്കുന്നത് നിരോധിച്ചിട്ടുണ്ട്. കാൻസർ രോഗം പ്രതിരോധിക്കുന്നതിനുവേണ്ടി 'കേരളാ കാംപെയിൻ എഗൻസ്റ്റ് കാൻസര് എന്ന സമഗ്രമായ പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഫെബ്രുവരി 4 മുതൽ ആരംഭിക്കും. പരിശോധനയിൽ രോഗം ഉണ്ടെന്ന് കണ്ടെത്തുന്ന ആളുകൾക്ക് ആര്.സി.സി.-യിലും മെഡിക്കൽ കോളേജുകളിലും എം.സി.സി. -യിലും ചികിത്സ നൽകുന്നതിനായി പത്ത് കോടി രൂപ ബഡ്ജറ്റിൽ

ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടുതൽ കാൻസർ സെന്ററുകൾ തുടങ്ങുന്നതിനും മെഡിക്കൽ കോളേജുകളിൽ മിനി ആര്.സി.സി.-കൾ ആരംഭിക്കുന്നതിനും ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുന്നതാണ്. തിരുവനന്തപുരം ആര്.സി.സി. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുകയും മലബാർ ആര്.സി.സി.-യിൽ പുരോഗമനപരമായ പ്രവർത്തനങ്ങൾക്കുള്ള നടപടി സ്വീകരിക്കുന്നതുമാണ്. എറണാകുളത്ത് കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

## (2) റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി

ശ്രീ. രാജു എബ്രഹാം: കേരളത്തിലെ 50 ലക്ഷത്തിലധികം വരുന്ന റബ്ബർ കർഷകരെ നേരിട്ട് ബാധിക്കുന്ന സങ്കീർണ്ണമായ പ്രശ്നത്തിൽ സർക്കാർ മൗനം അവലംബിക്കുകയാണ്. പതിനൊന്ന് ലക്ഷത്തിലധികം കുടുംബങ്ങൾ ഈ കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. 70 ശതമാനം റബ്ബർ കർഷകരും ഒരു ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ളവരാണ്. റബ്ബറിന്റെ ഇറക്കുമതി സംബന്ധിച്ച് നിലവിലുള്ള കോടതി വിധി മറികടന്ന് ടയർ കമ്പനികൾ ലാഭം കൊയ്യുന്ന സാഹചര്യത്തിൽ റബ്ബർ വില വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തുനിന്നുള്ള കേന്ദ്ര മന്ത്രിമാരും എം.പി.മാരും കേന്ദ്ര സർക്കാരിൽ

സമ്മർദ്ദം ചെലുത്തുന്നതോടൊപ്പം സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷന്റെ നേതൃത്വത്തിൽ റബ്ബർ സംഭരണം നടത്തി കർഷകരെ സഹായിക്കാൻ നടപടി സ്വീകരിക്കുകയും വേണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനന്) : സ്വാഭാവിക റബ്ബറിന്റെ വിലയിടിവ് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെയും കർഷകരേയും ദോഷകരമായി ബാധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇറക്കുമതി തീരുവ ഉയർത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ട്. റബ്ബറിന്റെ ഇറക്കുമതിക്ക് മുമ്പുണ്ടായിരുന്ന തുറമുഖ നിയന്ത്രണങ്ങൾ പുന:സ്ഥാപിക്കണമെന്നും സ്വാഭാവിക റബ്ബറിന്റെ എല്ലാ ഗ്രേഡിലുമുള്ള ഇറക്കുമതി തീരുവ എഴുപത് ശതമാനമോ നാൽപ്പത് - അമ്പത് രൂപയോ ഏതാണോ കുറവ് അതായി നിജപ്പെടുത്തണമെന്നും കയറ്റുമതിക്ക് സബ്സിഡി ഏർപ്പെടുത്തണമെന്നും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ റബ്ബറിന്റെ ഇറക്കുമതി തീരുവ വർദ്ധിപ്പിച്ചുകൊണ്ട് കേന്ദ്ര സർക്കാർ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : അന്താരാഷ്ട്ര മാർക്കറ്റിലുണ്ടായ വിലയിടിവുമൂലം റബ്ബർവില ഗണ്യമായി കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ കേന്ദ്ര വാണിജ്യവകുപ്പിന്റെ കീഴിലുള്ള പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ട് ട്രസ്റ്റിൽനിന്നും നൂറുകോടി രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ട്

കത്തയച്ചിട്ടുണ്ട്. റബ്ബർ സംഭരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി ഈ തുക ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്. എസ്.റ്റി.സി. മുഖേന റബ്ബർ സംഭരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. 2002-ലെ സർഫേസി ആക്ട് പ്രകാരം റബ്ബറിനെ കൃഷി എന്ന പട്ടികയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാർ സമർപ്പിച്ച അഫിഡവിറ്റ് പരിഗണിച്ചുവരികയാണ്.

**സബ്മിഷൻ**

(1) **അനധികൃത ഖനനം**

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്യുതാനന്ദന്) : സംസ്ഥാനത്ത് വ്യാപകമായി നടക്കുന്ന പാറ, മണല്, കരിമണൽ എന്നിവയുടെ അനധികൃത ഖനനംമൂലം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടവും പ്രകൃതിക്കുണ്ടാകുന്ന ആഘാതവും തടയുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) : നിയമപരമായും വ്യവസ്ഥാപിതമായും നിയന്ത്രണ വിധേയമായും മാത്രമേ സംസ്ഥാനത്ത് ഖനനം നടത്താൻ പാടുള്ളുവെന്ന് നിഷ്കർഷിക്കുകയും അനധികൃത ഖനനം തടയുന്നതിനായി കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തതിന്റെ ഫലമായി ഖനനം നടത്തുന്നതിൽ ഗണ്യമായ

കുറവ് വന്നിട്ടുണ്ട്. പലവിധ കാരണങ്ങളാൽ ഖനനാനുമതി പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കില്ല. റവന്യൂ, പോലീസ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പുകളുടെ ഏകോപന തീരുമാനത്തോടെ മാത്രമേ സംസ്ഥാനത്ത് ഖനനാനുമതി നൽകുന്നുള്ളൂ എന്നതിനാൽ എളുപ്പത്തിൽ ഖനനാനുമതി ലഭിക്കുന്നതല്ല.

(2) പ്ലാച്ചിമട സ്പെഷ്യൽ ട്രിബ്യൂണൽ ബില്ലിന് അനുമതി

ശ്രീ. എ. കെ. ബാലൻ: 2011 -ലെ ദി പ്ലാച്ചിമട കൊക്കോകോള വിക്ടിംസ് റീലീഫ് ആന്റ് കോമ്പൻസേഷൻ ക്ലെയിംസ് സ്പെഷ്യൽ ട്രിബ്യൂണൽ ബില്ലിന് അനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2011 -ലെ ദി പ്ലാച്ചിമട കൊക്കോകോള വിക്ടിംസ് റീലീഫ് ആന്റ് കോമ്പൻസേഷൻ ക്ലെയിംസ് സ്പെഷ്യൽ ട്രിബ്യൂണൽ നിയമം സഭ പാസ്സാക്കി അനുമതിക്കായി കേന്ദ്രത്തിന് സമർപ്പിച്ചെങ്കിലും അനുകൂലമല്ലാത്ത നിലപാടാണ് വന്നിട്ടുള്ളത്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വിയോജിപ്പ് അറിയിക്കുകയും അംഗീകാരം കിട്ടുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയുമാണ്.

(3) കന്നട ഭാഷാ ന്യൂനപക്ഷ അവകാശ കമ്മീഷൻ

ശ്രീ. പി. ബി. അബ്ദുൾ റസാക് : കന്നട ഭാഷാ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സംസ്ഥാനത്ത് ഒരു കന്നട ഭാഷാ

ന്യൂനപക്ഷ കമ്മീഷനെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ഒരു പ്രദേശത്ത് പതിനഞ്ച് ശതമാനമോ അതിലധികമോ തമിഴ്, കന്നട ഭാഷകൾ സംസാരിക്കുന്ന വരുണ്ടെങ്കിൽ ആ പ്രദേശത്തെ ഭാഷാന്യൂനപക്ഷ പ്രദേശമായി അംഗീകരിച്ച് ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. കൂടാതെ ഇവർക്കായി സംസ്ഥാനതല സമിതിയും ജില്ലാതല കമ്മിറ്റികളും രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ഔദ്യോഗിക ഭാഷയായി മലയാളം ഉപയോഗിക്കുമ്പോൾത്തന്നെ ന്യൂനപക്ഷ ഭാഷകൾക്കും പ്രാധാന്യം നൽകുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കന്നട ഭാഷാന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സംസ്ഥാനത്ത് ഒരു കന്നട ഭാഷാ ന്യൂനപക്ഷ കമ്മീഷനെ നിയമിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (4) വാഹനാപകടം

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂര്) : തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ഈസ്റ്റ് എളേരി പഞ്ചായത്തിൽ കാറ്റാൻകവല-വള്ളിക്കടവ് മലയോര ഹൈവേയിൽ അടിക്കടിയുണ്ടാകുന്ന വാഹനാപകടങ്ങൾ കണക്കിലെടുത്ത് ഹൈവേയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും അപകടങ്ങളിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും പരിക്കുപറ്റിയവർക്കും സാമ്പത്തികസഹായം നൽകുന്നതിനുമാവശ്യമായ നടപടി

സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കുഴൽക്കിണർ കുഴിക്കുന്ന ലോറി മറിഞ്ഞ് മരണപ്പെട്ടവരുടെ കുടുംബത്തിന് അർഹമായ ധനസഹായവും ഗുരുതരമായി പരിക്കേറ്റവർക്ക് ചികിത്സാസഹായവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നൽകുന്നതാണ്. തൃക്കരിപ്പൂർ മണ്ഡലത്തിലെ കാറ്റാംകവലപറമ്പ് റോഡിലെ അപകടരമായ കയറ്റം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടുന്നതാണ്.

## (5) **താമരശ്ശേരി മുൻസിഫ് കോടതി**

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: താമരശ്ശേരി മുൻസിഫ് കോടതിയിൽ ആവശ്യമായ തസ്തിക അനുവദിച്ച് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): താമരശ്ശേരി ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ ക്രിമിനിൽ കേസുകൾ കുറവാണെന്നും പ്രസ്തുത കോടതി പരിവർത്തനം ചെയ്ത് മുൻസിഫ് മജിസ്ട്രേറ്റ് കോടതിയായി രൂപീകരിക്കണമെന്നുമുള്ള ഹൈക്കോടതി നിർദ്ദേശമനുസരിച്ച് നിലവിലെ തസ്തികകൾ ഉപയോഗപ്പെടുത്തി മുൻസിഫ് മജിസ്ട്രേറ്റ് കോടതി രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിനുവേണ്ടി

പുതിയതായി 8 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള 23 തസ്തികകൾ ഉപയോഗപ്പെടുത്തി മുൻസിഫ് മജിസ്ട്രേറ്റ് കോടതിയുടെ പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

(6) **നിർമ്മാണ പ്രവൃത്തികളുടെ സ്തംഭനാവസ്ഥ**

ശ്രീ. പി. കെ. ബഷീർ: സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾ നടക്കുന്നതിനും കരാറുകാർ നേരിടുന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനും പൊതുമരാമത്ത്-ജലവിഭവം-വനം എന്നീ വകുപ്പുകളിലെ കരാറുകാർക്ക് കുടിശ്ശിക നൽകി സ്തംഭനാവസ്ഥയിലുള്ള വികസന പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ബഡ്ജറ്റിൽ വിഭാവനം ചെയ്തതിനേക്കാൾ കൂടുതൽ തുകയാണ് കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനായി അനുവദിച്ചിട്ടുള്ളത്. ദേശീയപാത വികസനം, നബാർഡ്-കേന്ദ്ര ഗവൺമെന്റ്-വിദേശ സഹായത്തോടെയുള്ള പ്രവൃത്തികൾ എന്നിവയൊഴികെ പൊതുമരാത്ത്-ജലവിഭവ വകുപ്പുകളിലെ പ്രവൃത്തികൾക്ക് ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള സംസ്ഥാനതല സമിതിയുടെ മുൻഗണന അനുസരിച്ചാണ് കുടിശ്ശിക തുക നൽകി വരുന്നത്. മുൻഗണനാക്രമം പാലിച്ച് തയ്യാറാക്കിയ ബില്ലുകളുടെ

വിശദാംശങ്ങൾ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർ ഭരണ വകുപ്പ് മുഖേന ധനകാര്യ വകുപ്പിൽ ലഭ്യമാകുന്ന മുറയ്ക്ക് ലെറ്റർ ഓഫ് ക്രെഡിറ്റ് നൽകുകയാണ് ചെയ്യുന്നത്. മുൻഗണനാക്രമത്തിൽ കരാറുകാരുടെ കുടിശ്ശിക അനുവദിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അധികരിച്ചുള്ള തുക ലെറ്റർ ഓഫ് ക്രെഡിറ്റ് മുഖേന അനുവദിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം റവന്യൂ വരുമാനത്തിനും സംസ്ഥാന തനതു നികുതി വരുമാനത്തിനും കേന്ദ്ര നികുതി വരുമാനത്തിനും കുറവുണ്ടായ സാഹചര്യത്തിൽ പൊതുമരാമത്ത് റോഡ് മേഖലയിൽ അധികമായി തുക വകയിരുത്താൻ സാധിച്ചിട്ടില്ല. വിഭവ ലഭ്യത മെച്ചപ്പെട്ട് ബഡ്ജറ്റിൽ ആവശ്യമായ തുക ലഭ്യമാകുന്ന മുറയ്ക്ക് കരാറുകാരുടെ കുടിശ്ശിക പ്രസ്തുത വിഹിതത്തിന് അനുസരണമായി കൊടുത്തുതീർക്കുന്നതാണ്.

(7) **കഞ്ചാവും മയക്കമരുന്നും കൈവശം വയ്ക്കുന്നവർക്കെതിരെ നടപടി**

ശ്രീ. വി. എസ്. സുനിൽ കുമാർ: സംസ്ഥാനത്ത് കഞ്ചാവിന്റെയും മയക്കമരുന്നിന്റെയും ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഒരു കിലോ കഞ്ചാവും മയക്കമരുന്നും കൈവശം വയ്ക്കുന്നവർക്കെതിരെകൂടി ജാമ്യമില്ലാ കുറ്റം ചുമത്തി കേസ്സെടുക്കുന്നതിന് കേന്ദ്ര നിയമത്തിൽ നിയമഭേദഗതി വരുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

1985-ലെ നർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റാൻസസ് ആക്റ്റിൽ ഗൗരവമുള്ള കുറ്റങ്ങൾക്ക് കൂടുതൽ ശിക്ഷയും ചെറിയ കുറ്റങ്ങൾക്ക് കുറഞ്ഞ ശിക്ഷയും നിർണ്ണയിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരു കിലോഗ്രാമിൽ കുറവ് കഞ്ചാവ് കൈവശം വയ്ക്കുന്നത് സ്മാൾ ക്വാണ്ടിറ്റിയുടെ പരിധിയിൽപ്പെടുത്തി ജാമ്യം ലഭിക്കുന്ന കുറ്റകൃത്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ആറ് മാസം വരെ തടവോ പതിനായിരം രൂപ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ എന്ന് നിജപ്പെടുത്തുകയും എല്ലാ മയക്കമരുന്നുകളേയും സ്മാൾ ക്വാണ്ടിറ്റി, മീഡിയം ക്വാണ്ടിറ്റി, കമ്മേഴ്സ്യൽ ക്വാണ്ടിറ്റി എന്നിങ്ങനെ തരംതിരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് പിടിക്കപ്പെടുന്ന ഭൂരിഭാഗം കഞ്ചാവ് കേസുകളും സ്മാൾ ക്വാണ്ടിറ്റിയുടെ പരിധിയിൽപ്പെടുകയും പ്രതികൾക്ക് ജാമ്യം കിട്ടുകയും ചെയ്യുന്നത് മയക്കമരുന്ന് സംഘങ്ങൾക്ക് സഹായകരമാകുന്ന നിലവിലെ സാഹചര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്. കഞ്ചാവിന്റെ സ്മാൾ ക്വാണ്ടിറ്റി പുനർനിർണ്ണയിച്ച് ഉത്തരവാകുന്നതിനാവശ്യമായ ശുപാർശ ഉടനെ നൽകുന്നതും സംസ്ഥാന ഗവൺമെന്റിന് നിയമം കൊണ്ടുവരാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കുന്നതുമാണ്.

## (8) <u>നിയമനിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകത</u>

ഡോ. ടി. എം. തോമസ് ഐസക്: അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികളെ സമൂഹത്തിൽനിന്ന് ബഹിഷ്ക്കരിക്കുകയും വിവേചനം കാണിക്കുകയും ചെയ്യുന്ന സ്ഥിതി കണക്കിലെടുത്ത് സംസ്ഥാന ഗവൺമെന്റ് മുൻകയ്യെടുത്ത് നിലവിലുള്ള റെഗുലേഷൻ മെഷേഴ്സിനേക്കാൾ പ്രാധാന്യം വെൽഫെയേഴ്സ് മെഷേഴ്സിന് നൽകാനും നിലവിലുള്ള ട്രേഡ് യൂണിയൻ ആക്ട് അവർക്കുകൂടി ബാധകമാക്കി മാറ്റാനും കഴിയുന്ന വിധത്തിൽ സമഗ്ര നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): അന്യസംസ്ഥാന തൊഴിലാളികളില്ലാതെ മുന്നോട്ടുപോകാൻ സാധ്യമല്ലെന്ന വസ്തുത സംസ്ഥാനത്ത് ഒരുവശത്ത് നിൽക്കുമ്പോൾ മറുവശത്ത് ഇവരുടെ ആരോഗ്യവും സുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ട്. ഇവർ രോഗവാഹകർ എന്നുമാത്രമല്ല നിയമത്തിൽ ഡീസന്റ് ഹൗസിംഗ് എന്ന് പറയുന്നുണ്ടെങ്കിലും ഇവർ വന്നു താമസിക്കുന്ന പ്രദേശങ്ങൾ ചേരികളായി മാറുന്നതിനാൽ അതുവഴി രോഗങ്ങൾ പൊട്ടിപ്പുറപ്പെടുകയും സംസ്ഥാത്തിനു ഭീഷണിയായി മാറുകയും ചെയ്യുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വെൽഫെയർ സ്കീം എന്ന നിലയിൽ 10 കോടി രൂപ അനുവദിച്ചെങ്കിലും ആ തുക ചെലവഴിക്കാൻ പല തടസ്സങ്ങളും നേരിട്ടു. അന്യസംസ്ഥാന തൊഴിലാളികളുമായി ബന്ധപ്പെടാൻ

ഉദ്യോഗസ്ഥർക്ക് ഭാഷ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇത്രയുംകാലം പരിശ്രമിച്ചിട്ട് ഏകദേശം 40000 ത്തിൽ താഴെ തൊഴിലാളികളെ മാത്രമേ രജിസ്റ്റർ ചെയ്യിക്കാൻ സാധിച്ചിട്ടുള്ളൂ. ഇവർക്ക് ആനുകൂല്യം നൽകിയാൽ സ്ഥിരമായി താമസിക്കാനുള്ള പ്രേരണയുണ്ടാകുമെന്ന വാദഗതി ശക്തമായി നിലനിൽക്കുന്നു. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്റ്റഡിയിൽ ഭീഷണിയായി ചൂണ്ടിക്കാണിക്കുന്നത് ഇവർ ഇന്ന് മൈഗ്രേറ്ററിയാണെങ്കിലും നാളെ കേരളത്തിൽ ഭൂമി വാങ്ങാൻ തുടങ്ങുമ്പോഴാണ് കോൺഫ്ലിക്റ്റ് ഉണ്ടാകാൻ പോകുന്നതെന്നാണ്. ഇതിനെക്കുറിച്ച് ചർച്ച ചെയ്ത് നിയമം കൊണ്ടുവരാൻ ഭരണ ഘടനയുടെ റീസണബിൾ റെസ്ട്രിക്ഷൻ ക്ലോസ് ഉപയോഗിച്ച് കേരളത്തിൽ ഭൂമി വാങ്ങിക്കാൻ അനുവദിക്കില്ലായെന്ന നിലപാട് എടുത്താൽ മലയാളികൾ അന്യസംസ്ഥാനത്ത് പോയി ഭൂമി വാങ്ങുമ്പോൾ ഇത്തരത്തിൽ ഒരു നിയമം അന്യസംസ്ഥാനക്കാരും പ്രയോഗിക്കുമെന്ന സ്ഥിതി വരും. യാതൊരു രേഖയുമില്ലാത്തതുകൊണ്ട് ബംഗ്ലാദേശികളും ഇതിന്റെ മറവിൽ വന്ന് ജോലി ചെയ്ത് പോയാലും അറിയാൻ സാധിക്കാത്ത സ്ഥിതിവിശേഷവുമുണ്ട്. സമഗ്രമായ നിയമനിർമ്മാണത്തിനായി സമന്വയം ഉണ്ടാക്കി നിയമം നടപ്പിലാക്കാൻ പരിശ്രമിക്കാം. ഇതിനുവേണ്ടി ഭരണ-പ്രതിപക്ഷഭേദമെന്യ അഭിപ്രായ ഐക്യം ഉണ്ടാകണം.

### (9) <u>ഇൻകം- സപ്പോർട്ട് സ്കീം</u>

<u>ശ്രീ. സി.കൃഷ്ണൻ:</u> ഇൻകം സപ്പോർട്ട് സ്കീം പ്രകാരം ഓരോ മേഖലയ്ക്കും അനുവദിക്കുന്ന തുക കൃത്യമായി അതാത് മാസത്തെ വേതനത്തോടൊപ്പം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>): ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കാൻ തുടങ്ങിയത്. ഈ വർഷം 75 കോടി രൂപ വിവിധ വകുപ്പുകൾക്കായി വിതീച്ചുകൊടുത്തിട്ടുണ്ട്. ലേബർ ഡിപ്പാർട്ടുമെന്റ് നോഡൽ ഏജൻസി മാത്രമാണ്. തുക അതാത് വകുപ്പുകളാണ് ഡിസ്ട്രിബ്യൂഷൻ നടത്തുന്നത്. ബീഡി ക്ഷേമനിധി ബോർഡിൽ ആവശ്യത്തിന് ഫണ്ടുണ്ടായതുകൊണ്ട് കഴിഞ്ഞ വർഷം ഫണ്ട് അനുവദിച്ചില്ലെങ്കിലും ഈ വർഷം 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി മേഖലയിൽ ഏകദേശം ഒരു ലക്ഷത്തി എഴുപത്തയ്യായിരം പേർക്ക് തുക വിതരണം ചെയ്തിട്ടുണ്ട്. കയർ മേഖലയിൽ ഉദ്ദേശിച്ചിടത്തോളം തൊഴിലാളികൾക്ക് തുക നൽകാൻ സാധിച്ചില്ലെങ്കിലും ഗണ്യമായ തുക ഈ മേഖലയിൽ ചെലവഴിച്ചിട്ടുണ്ട്. എല്ലാവരുടേയും അഭിപ്രായങ്ങൾ സ്വരൂപിച്ചുകൊണ്ട് മിനിമം വേജസ് നൽകാൻ സാധിക്കാത്ത മേഖലകളിൽ ശരിയായ വിധത്തിൽ തുക വിതരണം ചെയ്യുന്നതിന് സംവിധാനം ഏർപ്പെടുത്താൻ എല്ലാവരുമായി സഹകരിക്കാം.

(10) **<u>വനിതാ ഹെൽപ്പ് സെൽ ആരംഭിക്കേണ്ടതിന്റെ ആവശ്യകത</u>**

<u>ശ്രീ. ആര്. സെൽവരാജ്:</u> വനിതകളുടേയും കുട്ടികളുടേയും സുരക്ഷ മുൻനിർത്തി നെയ്യാറ്റിൻകര പോലീസ് സബ്ഡിവിഷൻ കേന്ദ്രീകരിച്ച് കൗൺസിലിംഗ് സെന്റർ അഥവാ ഷോർട്ട് ഹോം സ്റ്റേ സൗകര്യത്തോടുകൂടിയ വനിതാസെൽ ആരംഭിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): നെയ്യാറ്റിൻകര പോലീസ് സബ്ഡിവിഷനിൽ നരുവാമൂട് പോലീസ് സ്റ്റേഷൻ ഒഴികെയുള്ള 8 പോലീസ് സ്റ്റേഷനുകളിൽ വനിതകളുടെ പരാതികൾക്ക് നടപടികൾ സ്വീകരിക്കുന്നതിനായി പ്രത്യേകം പരിശീലനം ലഭിച്ച വനിതാ പോലീസുകാരോടുകൂടിയ വനിത ഹെൽപ് ഡെസ്ക് പ്രവർത്തിച്ചു വരുന്നു. ജില്ലാ ജഡ്ജി ചെയർമാനായ ലീഗൽ സർവ്വീസ് അതോറിറ്റിയിൽനിന്നും നിയമിക്കപ്പെട്ട പാര ലീഗൽ വോളന്റിയർമാരുടെ സഹായത്തോടെ വനിത കൗൺസിലിംഗ് നടത്തുന്നുണ്ട്. ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർ വാർഡുകൾതോറും സഞ്ചരിച്ച് സ്ത്രീകളുടേയും കുട്ടികളുടേയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ ആസ്ഥാനത്ത് വനിതാ സർക്കിൾ ഇൻസ്പെക്ടർമാരുടെ ചുമതലയിൽ പ്രവർത്തിച്ചുവരുന്ന വനിതാസെല്ലിൽ ജില്ലയിലെ എല്ലാ സബ്ഡിവിഷൻ പരിധിയിലുമുള്ള സ്ത്രീകളുടേയും കുട്ടികളുടേയും പ്രശ്നങ്ങൾ കൗൺസിലിംഗ് മുഖേന

പരിഹരിക്കുന്നുണ്ട്. ഓരോ ജില്ലയിലും ഫാമിലി ക്രൈം പ്രിവൻഷൻ സെന്റർ രൂപീകരിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. നെയ്യാറ്റിൻകര സബ്ഡിവിഷന്റെ കീഴിൽ വിപുലമായ സജ്ജീകരണങ്ങളോടുകൂടിയ വനിതാ ഹെൽപ്പ് സെൽ ജില്ലാ പോലീസ് മേധാവിയുടെ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്.

(11) **പട്ടയം ലഭ്യമാക്കൽ**

ശ്രീ. പി.റ്റി.എ. റഹീം: കോഴിക്കോട് താലൂക്കിലെ ചാത്തമംഗലം-ഈഗ്ൾ പ്ലാന്റേഷൻ കോളനിയിൽ സീറോ ലാന്റ് പദ്ധതി പ്രകാരം ഭൂമിക്ക് അർഹരായ കൈവശക്കാർക്ക് പട്ടയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കോഴിക്കോട് താലൂക്കിലെ ചാത്തമംഗലം-ഈഗ്ൾ പ്ലാന്റേഷൻ കോളനിയിൽ സർക്കാർ ഏറ്റെടുത്ത് 'ഭൂ രഹിതരില്ലാത്ത കേരളം' പദ്ധതിയിലുൾപ്പെടുത്തി പതിച്ചു നൽകിയ ഭൂമിയുടെ വിതരണം കോളനിയിലെ നിലവിലെ താമസക്കാർ തടസ്സപ്പെടുത്തിയിരിക്കുന്നു. ഈഗ്ൾ പ്ലാന്റേഷൻ കോളനിയിൽ താമസിക്കുന്നവരിൽ ഭൂമിയില്ലാത്തവരാണെന്ന് കണ്ടെത്തിയ 67 പേർക്ക് ഭൂമി പതിച്ചു നൽകുവാൻ പുതിയ വിജ്ഞാപനം ഇറക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചുവരുന്നു. അവിടെയുള്ള ബാക്കി ഭൂമി 'ഭൂ രഹിതരില്ലാത്ത കേരളം' പദ്ധതിയിലുൾപ്പെടുത്തി അർഹരായവർക്ക് വിതരണം ചെയ്യുന്നത് സംബന്ധിച്ചും

പരിശോധിച്ച്വ വരികയാണ്.

(12) <u>**വില്ലേജ് വിഭജനത്തിലെ അപാകത**</u>

<u>ശ്രീ. ജോസഫ് വാഴക്കന്</u>: എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ മഞ്ഞള്ളൂര്, കടവൂർ വില്ലേജുകളിൽ ഉൾപ്പെട്ട പ്രദേശങ്ങൾ ഇടുക്കി ജില്ലയിലെ വില്ലേജുകളിൽനിന്നും മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): ഇടുക്കി ജില്ലയിലെ കുമാരമംഗലം വില്ലേജിൽ ഉൾപ്പെട്ടിട്ടുള്ള മഞ്ഞള്ളൂർ ഗ്രാമ പഞ്ചായത്തിലെ 7, 8 വാർഡുകളിൽ ഉൾപ്പെടുന്ന പ്രദേശം എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ മഞ്ഞള്ളൂർ വില്ലേജിനോട് ചേർക്കുന്നതിനുള്ള നടപടി പരിശോധിച്ച്വരികയാണ്. ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിലെ കോടികുളം, കുമാരമംഗലം വില്ലേജിൽ ഉൾപ്പെട്ടതും എറണാകുളം ജില്ലയിലെ പൈങ്ങാട്ടൂർ ഗ്രാമപഞ്ചായത്തിന്റെ അതിർത്തിയിൽപ്പെട്ടതുമായ കുടുംബങ്ങളെ എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിലെ കടവൂർ വില്ലേജിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സർവ്വേ നടപടികൾ പൂർത്തിയാക്കി. പുതുക്കിയ റിക്കാർഡുകൾ തയ്യാറാക്കി വരുന്ന മുറയ്ക്ക് വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. ആറ് മാസത്തിനകംതന്നെ ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കണമെന്ന് ഇടുക്കി, എറണാകുളം കളക്ടർമാർക്ക് നിർദ്ദേശം

നൽകുന്നതാണ്.

## (13) **'കാവിൽ '-ന്റെ പ്രവർത്തനം വ്യാപിപ്പിക്കൽ**

ശ്രീ. എ.റ്റി. ജോർജ്: മത്സ്യബന്ധന വകുപ്പിന്റെ കീഴിൽ അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി രൂപം നൽകിയ 'കാവില്' ഏജൻസിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): കേരളത്തിലെ അലങ്കാരമത്സ്യ ഉല്പാദന-വിപണന മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിന് 2007-ൽ രൂപീകരിച്ച കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (KAVIL)-ന്റെ കീഴിൽ സാറ്റലൈറ്റ് ഫാമുകളിൽ ഗുണമേന്മയുള്ള അലങ്കാര മത്സ്യവിത്ത് ഉൽപ്പാദിപ്പിച്ച് ഹോംസ്റ്റഡ് യൂണിറ്റുകൾക്ക് വിതരണം ചെയ്യാനും പ്രസ്തുത യൂണിറ്റുകളിൽ വളർത്തിയെടുക്കുന്ന അലങ്കാര മത്സ്യങ്ങളെ കയറ്റുമതി ചെയ്യാനും ലക്ഷ്യമിട്ടെങ്കിലും സാമ്പത്തിക അച്ചടക്കമില്ലായ്മയാലും മറ്റ് ചില സാങ്കേതിക കാരണങ്ങളാലും അത് പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. 'കാവില്'-ന്റെ പുനരുദ്ധാരണത്തിനായി രൂപീകരിച്ച സബ്കമ്മിറ്റിയുടെ ശുപാർശ പ്രകാരം ടി സ്ഥാപനത്തെ സർക്കാർ കമ്പനിയാക്കി മാറ്റാൻ തീരുമാനിക്കുകയും ഇതിന്റെ പുനരുദ്ധാരണത്തിനായി ഒരു കോടി രൂപ കേരള കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷനിൽനിന്നും

പലിശ രഹിത വായ്പയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നെയ്യാർഡാം അലങ്കാരമത്സ്യ ഹാച്ചറി പ്രവർത്തനക്ഷമമാക്കുന്നതിന് 6.60 കോടി രൂപയുടെ പദ്ധതിക്ക് ആര്.കെ.വി.വൈ.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. 14 ജില്ലകളിലും അലങ്കാര മത്സ്യകൃഷി പരിശീലനത്തിന് ആവശ്യമായ തുകയും ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ബ്ലോക്കിൽ അലങ്കാരമത്സ്യ ഹോംസ്റ്റെഡ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ സ്ഥാപനമായ എന്.എഫ്.ഡി.ബി.-യിൽനിന്നും 4.50 കോടി രൂപ 'കാവില്'-ന് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടിയിൽ സാറ്റലൈറ്റ് ഫാമിന്റെ പുനരുദ്ധാരണത്തിനായി 7.65 കോടി രൂപയുടെ പദ്ധതി ആര്.കെ.വി.വൈ.-യുടെ പരിഗണനയിലാണ്. നെയ്യാർഡാം ഫാം പുനരുദ്ധരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

### (14) **പുലിമുട്ട് സ്ഥാപിക്കൽ**

ശ്രീ. എസ്. ശർമ്മ: വൈപ്പിൻ നിയോജകമണ്ഡലത്തിൽ കടലാക്രമണം നേരിടുന്ന തീരപ്രദേശങ്ങളിൽ ചെന്നൈ ഐ.ഐ.റ്റി.-യിലെ വിദഗ്ദ്ധർ വിഭാവനം ചെയ്ത പുലിമുട്ടുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): വൈപ്പിൻ നിയോജകമണ്ഡലത്തിലെ കടലോര മേഖലയെ കടലാക്രമണ ഭീഷണിയിൽ

നിന്നും സംരക്ഷിക്കുന്നത് സംബന്ധിച്ച് ചെന്നൈ ഐ.ഐ.റ്റി. പഠനം നടത്തിയിട്ടുണ്ട്. ഈ പ്രദേശത്ത് 30 പുലിമുട്ടുകളുടെ നിർമ്മാണത്തിനായി 45 കോടി രൂപ അടങ്കൽ തുക വരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ബഡ്ജറ്റിൽ കാര്യമായ തുക വകയിരുത്തിയിട്ടില്ല. നബാർഡിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ശ്രമം തുടരുന്നതാണ്.

(15) **കനാൽ നവീകരണവും പാലം നിർമ്മാണവും**

ശ്രീ. തോമസ് ഉണ്ണിയാടന്: ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ ഷൺമുഖം കനാലിന്റെ രണ്ടാംഘട്ട നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും കനാലിന് കുറുകെയുള്ള പാലം പുനർനിർമ്മിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ഷൺമുഖം കനാലിന് കുറുകെ പാലം നിർമ്മിക്കുന്നതിന് 95 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇറിഗേഷൻ വകുപ്പ് വിശദമായ പര്യവേഷണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയതിന് ശേഷം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത പണിക്കായുള്ള ചെലവ് 195 ലക്ഷം രൂപയായി ഉയർന്നു. ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. ഷൺമുഖം കനാലിന്റെ രണ്ടാംഘട്ട നവീകരണ പ്രവർത്തനങ്ങൾക്ക് 7 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം

പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള തീരുമാനമെടുക്കുന്നതാണ്.

## (16) ഗൾഫ് മലയാളികളുടെ പുനരധിവാസം

ശ്രീ. പി. ഉബൈദുള്ള: നിതാഖാത്ത് നിയമംമൂലം ജോലി നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തിയ വിദേശ മലയാളികൾക്കുള്ള പുനരധിവാസ പാക്കേജ് കാര്യക്ഷമമായി നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): വിദേശമലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് അതീവ താത്പര്യമെടുക്കുന്നുണ്ട്. നിതാഖാത്ത് പ്രശ്നം കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ഗൗരവത്തോടുകൂടി കൈകാര്യം ചെയ്യുകയും പരമാവധി ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പുനരധിവാസ പാക്കേജിനായി ലഭിച്ച അപേക്ഷകൾ നാല് ഇനങ്ങളായി തിരിച്ച് പ്രോസസ് ചെയ്തുവരുന്നു. ഒന്നാം ഘട്ടമായി 173 പേർക്ക് വാഹനം വാങ്ങുന്നതിന് വായ്പ അനുവദിച്ചിട്ടുണ്ട്. പുനരധിവാസ പാക്കേജിന്റെ നടത്തിപ്പിനായി ധനകാര്യസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഫണ്ട് സമാഹരിക്കുന്നതിന് ശ്രമിക്കും. നിതാഖാത്ത് പ്രശ്നവുമായി ബന്ധപ്പെട്ട് ഗൾഫ് രാജ്യങ്ങളിൽ അഡ്വൈസറി കമ്മിറ്റികൾ രൂപീകരിക്കും. ഗൾഫ് മലയാളികളുടെ കാര്യത്തിൽ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ചെയ്യുന്നതാണ്.

## (17) എല്.ബി.എസ്. സെന്റർ ജീവനക്കാരുടെ ശമ്പളപരിഷ്കരണം

ശ്രീ. കെ. സുരേഷ് കുറുപ്പ്: ലാൽബഹദൂർ ശാസ്ത്രി സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ലാൽബഹാദൂർ ശാസ്ത്രി സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയിലെ അദ്ധ്യാപക -അനദ്ധ്യാപക ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് സ്റ്റാഫ് പാറ്റേൺ ഫിക്സ് ചെയ്ത് ഉത്തരവായി. കേരളത്തിലെ സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയ ഒമ്പതാം ശമ്പള പരിഷ്കരണം എല്.ബി.എസ്.-ലും നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ധനകാര്യ വകുപ്പ് പരിശോധിച്ചുവരുന്നു. ധനകാര്യവകുപ്പിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ശമ്പളപരിഷ്കരണ നടപടികൾ സ്വീകരിക്കുന്നതാണ്.

## മേശപ്പുറത്തു വച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

താഴെ പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

1) കാര്യോപദേശക സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് .

2) 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

3) 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

4) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിനാല് മുതൽ അൻപത്തിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ

5) പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ ഇരുപത്തിമൂന്ന് മുതൽ മുപ്പത്തിയെട്ട് വരെയുള്ള റിപ്പോർട്ടുകൾ

<u>റിപ്പോർട്ട് പരിഗണന</u>

1) കാര്യോപദേശക സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

2) പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**ധനകാര്യം**

**<u>2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച (തുടർച്ച)</u>**

<u>ശ്രീ. വർക്കല കഹാർ:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. രണ്ട് ഹെക്ടറിൽ താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് 90 ശതമാനം സർക്കാർ പ്രീമിയത്തിൽ ഇൻഷ്വറൻസ് പദ്ധതി, നാമമാത്ര കർഷകർക്ക് ഇൻകം ഗാരന്റി പദ്ധതി , 25

വിളകൾക്ക് ഇൻഷ്വറൻസ് പദ്ധതി, ഹൈടെക് കൃഷിക്ക് പലിശ രഹിത വായ്പ, കുറഞ്ഞ പലിശയുള്ള വായ്പാ പദ്ധതികൾ തുടങ്ങിയവയിലൂടെ ഉത്പാദന മേഖലയെ ശക്തിപ്പെടുത്തിക്കൊണ്ട് കാർഷിക മേഖലയ്ക്ക് ഊർജ്ജം പകരുക എന്നതാണ് ബഡ്ജറ്റിന്റെ പ്രധാന ലക്ഷ്യം. 8 ജില്ലകളിൽ മെഡിക്കൽ കോളേജുകൾ, പാലക്കാട് ജില്ലയിലെ പട്ടികജാതിക്കാർക്ക് 70 ശതമാനം മെഡിക്കൽ സീറ്റ്, 1 വയസ്സു മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സാ പദ്ധതി, ഗവൺമെന്റ് ആശുപത്രികൾവഴി സൗജന്യ ജനറിക് മരുന്ന് വിതരണം തുടങ്ങിയ പദ്ധതികൾ സ്വാഗതാർഹമാണ്. വിദ്യാഭ്യാസ രംഗത്ത് ഹയർ സെക്കണ്ടറി സ്കൂളുകളും ഗവൺമെന്റ് കോളേജുകളും അനുവദിച്ചു. റോഡുകൾ പുനർനിർമ്മിച്ചു. മഴവെള്ളം സംഭരിക്കുന്നതിനായി 100 കോടി രൂപയുടെ ജലസമൃദ്ധി പദ്ധതിക്ക് രൂപം നൽകി. യുവ സംരംഭകർക്ക് 5 ലക്ഷം രൂപ, യുവപ്രതിഭാ പുരസ്കാരം, വനിതാ സംരംഭകർക്ക് പലിശരഹിത വായ്പ, ഇന്നവേഷൻ സോൺ തുടങ്ങിയവയിലൂടെ പുതിയ വ്യവസായ സംസ്കാരത്തിന് വഴിയൊരുക്കി. എല്ലാ പെൻഷനുകളും വർദ്ധിപ്പിച്ചു. അനാഥരായ കുട്ടികളുടെ ഹയർസെക്കണ്ടറിതലം വരെയുള്ള പഠനം സർക്കാർ ഏറ്റെടുത്തു. നിത്യരോഗികൾക്ക് ചികിത്സാ സഹായമായി 1000 രൂപ അനുവദിച്ചു. കാരുണ്യ ബെനവലന്റ് പദ്ധതിയുടെ ആനുകൂല്യം അനേകംപേർക്ക് ലഭിച്ചു. കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയിലൂടെ നിരവധി കുട്ടികൾക്ക് ശ്രവണശേഷി ലഭിച്ചു.

പാലിയേറ്റീവ് ട്രെയിനിംഗ് കഴിഞ്ഞവർക്ക് നൽകുന്ന തുക വർദ്ധിപ്പിക്കണം. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ സർക്കാർ ഏറ്റെടുക്കണം. ഇ-ഗവേണൻസ്, അക്ഷയ സെന്ററുകൾ സർക്കാരിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കും. ഓട്ടോറിക്ഷകൾക്കും വസ്ത്ര വ്യാപാരസ്ഥാപനങ്ങൾക്കും ഏർപ്പെടുത്തിയ നികുതി ഒഴിവാക്കണം. കെട്ടിട നികുതി വർദ്ധനവ് പുനപരിശോധിക്കണം.

<u>ശ്രീ. കെ.കെ. ജയചന്ദ്രന്:</u> ബഡ്ജറ്റിനെ എതിർക്കുന്നു. സാധാരണ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കുന്നതും കേരളത്തിന്റെ വികസനം മുരടിപ്പിക്കുന്നതുമായ ബഡ്ജറ്റാണിത്. സർക്കാരിന്റെ കെടുകാര്യസ്ഥതമൂലം ലക്ഷക്കണക്കിന് രൂപയുടെ റവന്യൂ കമ്മി ഉണ്ടായിട്ടുണ്ട്. അഴിമതി രഹിത മായിരുന്ന വാളയാർ അടക്കമുള്ള ചെക്ക്പോസ്റ്റുകൾ ഇപ്പോൾ അഴിമതിയുടെ കേന്ദ്രങ്ങളായി മാറിയിരിക്കുകയാണ്. ജനങ്ങളുടെമേൽ അധികഭാരം അടിച്ചേൽപ്പിക്കുന്ന തരത്തിലുള്ള ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾ പുന:പരി ശോധിക്കണം. മെറ്റൽ ക്രഷർ യൂണിറ്റുകളുടെ നികുതി വർദ്ധിപ്പിക്കുന്നതും പാറപ്പൊടി, പാറമണൽ എന്നിവയുടെ വില വർദ്ധിക്കുന്നതും നിർമ്മാണ മേഖലയേയും ആ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികളേയും ബാധിക്കും. ഭക്ഷണസാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചു. കഴിഞ്ഞ ബഡ്ജറ്റിൽ ഇടുക്കി ജില്ലയ്ക്ക് പ്രഖ്യാപിച്ചിരുന്ന ഒരു പദ്ധതിയും നടപ്പിലാക്കിയിട്ടില്ല.

തേക്കടിയിലെ മാസ്റ്റർ പ്ലാന്, മൂന്നാറിലെ സമുച്ചയം, മുല്ലപ്പെരിയാർ മുതലായവയ്ക്കുവേണ്ടി ഈ ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടില്ല. ആദിവാസികളുടെ ഉന്നമനത്തിനുവേണ്ടി പ്രഖ്യാപിച്ച കാര്യങ്ങളൊന്നും ചെയ്തിട്ടില്ലെന്ന് മാത്രമല്ല തൊടുപുഴ - മലങ്കര ഇറിഗേഷൻ പ്രോജക്ടിന്റെ പ്രവർത്തനങ്ങളൊന്നുംതന്നെ ആരംഭിച്ചിട്ടുമില്ല. കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ മലയോര ജില്ലകളിൽ ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഒരു നിർദ്ദേശവും ബഡ്ജറ്റിൽ ഇല്ല. ഇടുക്കി ജില്ലയിലെ ഹൈറേഞ്ചിലെ ഏക റഫറൽ ആശുപത്രിയായ ചെറുതോണി ജില്ലാ ആശുപത്രി തൊടുപുഴയിലേക്ക് മാറ്റി സ്ഥാപിക്കുമെന്ന് പറഞ്ഞിരിക്കുന്നത് പ്രതിഷേധാർഹമാണ്.

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:</u> ബഡ്ജറ്റിനെ പിന്തുണയ്ക്കുന്നു. ബഡ്ജറ്റിലെ പുതിയ നികുതി നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. ഗ്രാമങ്ങളേയും കർഷകരേയും പാവപ്പെട്ടവരേയും പരിഗണിക്കുന്ന ബഡ്ജറ്റാണിത്. കൃഷി, മൃഗസംരക്ഷണം, തൊഴിലില്ലായ്മ, വ്യവസായ വികസനം, പാവങ്ങൾക്കുള്ള ധനസഹായം എന്നിവ പ്രഖ്യാപിച്ചിരിക്കുന്നത് സ്വാഗതാർഹമാണ്. കാർഷികോൽപന്നങ്ങൾ സംസ്ഥാനത്തുതന്നെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നിരവധി പദ്ധതികൾ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ ധനസഹായം നൽകുന്നതും കുടുംബനാഥൻ മരണപ്പെട്ടാൽ

കാർഷിക കടം സർക്കാർ ഏറ്റെടുക്കുന്നതും കാർഷകർക്ക് ആശ്വാസം നൽകുന്ന ഒന്നാണ്. അടയ്ക്കാ കർഷകർക്കുവേണ്ടി തുക നീക്കിവച്ചിട്ടുണ്ടെങ്കിലും ആരോഗ്യ പ്രശ്നത്തിന്റെ പേരിൽ അത് നിരോധിക്കാൻ പോകുന്നു എന്നുള്ള ആശങ്ക ദൂരീകരിക്കണം. എല്ലാ വിഭാഗം ജനങ്ങളുടെയും ക്ഷേമത്തിനായി മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് സ്വാഗതാർഹമാണ്. പ്രവാസികളുടെ പുനരധിവാസത്തിനായി കൂടുതൽ തുക മാറ്റിവയ്ക്കണം. കാൻസർരോഗം ആരംഭഘട്ടത്തിൽതന്നെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വിഹിതം മാറ്റിവച്ചിരിക്കുന്നത് ശ്ലാഘനീയമാണ്. ഈ രോഗം ഏറ്റവും കൂടുതൽ കണ്ടുവരുന്ന മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിന് പ്രത്യേക പരിഗണന നൽകണം. വ്യവസായ രംഗത്ത് പുത്തൻ പ്രതീക്ഷ നൽകുന്ന ബഡ്ജറ്റാണിത്. സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തിനും വിവര സാങ്കേതിക മേഖലയ്ക്കും തുക നീക്കിവച്ചത് അഭിനന്ദനാർഹമാണ്. പൊതുമരാമത്ത് വകുപ്പിന് നീക്കിവച്ച തുക വർദ്ധിപ്പിക്കാനും ഭരണാനുമതി ലഭിക്കാനുള്ള പ്രവൃത്തികൾക്ക് അത് നൽകുന്നതിനും നടപടി സ്വീകരിക്കണം. കൊണ്ടോട്ടി മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾക്കായി ഒരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ഏഴ് കോടി രൂപ നീക്കിവയ്ക്കുകയും പുതിയ സബ്സ്റ്റേഷൻ അനുവദിക്കുകയും ചെയ്യണം. ഇവിടെയുള്ള കമ്മ്യൂണിറ്റി

ഹെൽത്ത് സെന്റർ താലൂക്കാശുപത്രിയായി ഉയർത്തുന്നതിനും വാഴക്കാട് കേന്ദ്രമായി ഐ.ടി.ഐ. സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. രാജു : ബഡ്ജറ്റിനെ എതിർക്കുന്നു. ജനവിരുദ്ധ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. വൈകുണ്ഠസ്വാമി അന്തർദേശീയ പഠന കേന്ദ്രത്തിന് അനുവദിച്ച തുക അമ്പത് ലക്ഷമായി വർദ്ധിപ്പിക്കാനും സ്മാരകം സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. കായിക്കര കുമാരനാശാൻ സ്മാരകത്തിനും സാംബവ സഭയ്ക്കും അനുവദിച്ച തുക വർദ്ധിപ്പിക്കണം. ഓട്ടോ, ടാക്സി, ടൂറിസം മേഖലകൾക്ക് അധിക നികുതി ചുമത്തിയത് വൻ പ്രതിസന്ധിക്ക് വഴിയൊരുക്കും. കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞ പല നിർദ്ദേശങ്ങളും നടപ്പിലാക്കാത്ത സർക്കാരിന് ജനവിശ്വാസം നഷ്ടപ്പെട്ടിരിക്കുകയാണ്. പൊതുമേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് യാതൊരു നിർദ്ദേശവും ബഡ്ജറ്റിലില്ല. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ ബാധ്യത ഏറ്റെടുത്ത് തകർച്ചയിൽനിന്നും ഈ സ്ഥാപനത്തെ രക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം. കൊല്ലം ജില്ലയോടുള്ള അവഗണന അവസാനിപ്പിച്ച് സർക്കാർ മേഖലയിൽ ഒരു മെഡിക്കൽ കോളേജ് അവിടെ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. വൻതകർച്ച നേരിട്ടുകൊണ്ടിരിക്കുന്ന പൊതുവിതരണ ശൃംഖലയുടെ ഉന്നമനത്തിനായി ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതി അവതാളത്തിലാകുന്ന നടപടികളാണ്

സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. തോട്ടങ്ങളെ പ്ലാന്റേഷൻ ടാക്സിൽ നിന്നും ഒഴിവാക്കിയ സാഹചര്യം പുന:പരിശോധിക്കണം. പശ്ചിമഘട്ട മേഖലകളുടെ സംരക്ഷണത്തിനും ജൈവകൃഷിരീതിയിലൂടെ ഉണ്ടാകാവുന്ന നഷ്ടം പരിഹരിക്കുന്നതിനും ഒരു നിർദ്ദേശവും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

<u>ശ്രീ. സി. എഫ്. തോമസ്:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ കർഷകരുടെ ഉന്നമനത്തിനായി ധാരാളം പദ്ധതികൾ ബഡ്ജറ്റിലുൾക്കൊള്ളിച്ചിട്ടുള്ളത് സ്വാഗതാർഹമാണ്. കൃഷി, വ്യവസായം തുടങ്ങിയ അടിസ്ഥാന മേഖലകളുടെ സംരക്ഷണത്തിനുതകുന്ന നൂതനാശയങ്ങൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുടുംബ സഹായപദ്ധതി, വിദ്യാർത്ഥിനികൾക്ക് ലാപ് ടോപ്പ്, വിദ്യാർത്ഥി പ്രതിഭാ പുരസ്കാരം , യുവപ്രതിഭാ അവാർഡ് തുടങ്ങിയ നിർദ്ദേശങ്ങളും സ്വാഗതാർഹമാണ്. തുണിത്തരങ്ങൾക്കും ഇരുചക്രവാഹനങ്ങൾക്കും ഏർപ്പെടുത്തിയിരിക്കുന്ന നികുതിനിർദ്ദേശങ്ങൾ പിൻവലിക്കണം.

<u>ശ്രീ. വി. ശിവൻകുട്ടി:</u> ബഡ്ജറ്റിനെ എതിർക്കുന്നു. പെട്രോള്-ഡീസല്-പാചകവാതക വിലവർദ്ധനവിലൂടെ പൊറുതി മുട്ടുന്ന ജനവിഭാഗങ്ങൾക്ക് കടുത്ത നികുതിഭാരമാണ് ഈ ബഡ്ജറ്റിലൂടെ അടിച്ചേൽപ്പിച്ചിരിക്കുന്നത്. തകർച്ച നേരിട്ടുകൊണ്ടിരിക്കുന്ന കെ.എസ്.ആര്.ടി.സി.-യുടെ വികസനത്തിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ഓട്ടോറിക്ഷകൾക്ക് പോലും

നികുതി ഏർപ്പെടുത്തിയിരിക്കുന്ന നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണ്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള പദ്ധതികളോ കൃഷിയുടെ സമഗ്രമായ വികസനത്തിനും നിലനിൽപ്പിനുമുള്ള പദ്ധതികളോ ബഡ്ജറ്റിലില്ല. പരമ്പരാഗത വ്യവസായത്തോടും പൊതുമേഖലയോടും കടുത്ത അവഗണന യാണ് കാണിച്ചിരിക്കുന്നത്. വിനോദസഞ്ചാര മേഖലയ്ക്ക് അർഹിക്കുന്ന പ്രാധാന്യം നൽകാത്തത് പ്രതിഷേധാർഹമാണ്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും തലസ്ഥാന നഗരിയിലെ മാലിന്യപ്രശ്നം, തമ്പാനൂരിലെ വെള്ളപ്പൊക്ക പ്രശ്നം എന്നിവ പരിഹരിക്കുന്നതിനും യാതൊരു നിർദ്ദേശവും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന കർഷക കുടുംബങ്ങളിലെ പെൺകുട്ടികൾക്കായി ലാപ് ടോപ് നൽകുന്ന പദ്ധതിക്ക് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണം. ദുർബല ജനവിഭാഗങ്ങളുടേയും സ്ത്രീകളുടേയും പ്രതീക്ഷയകറ്റുന്ന ബഡ്ജറ്റാണിത്. ക്ഷേമപദ്ധതികൾ ആവിഷ്ക്കരിക്കാൻ തയ്യാറായില്ലെന്നുമാത്രമല്ല, ആരോഗ്യ-വിദ്യാഭ്യാസ മേഖലയിൽനിന്നും സർക്കാർ പിൻവാങ്ങിയിരിക്കുകയാണ്. സംസ്ഥാന ജീവനക്കാരെയും അദ്ധ്യാപകരേയും പൂർണ്ണമായും അവഗണിക്കുകയും സ്വകാര്യവൽക്കരണം പ്രോത്സാഹിപ്പിക്കുകയും ജനജീവിതം കൂടുതൽ ദുസ്സഹമാക്കുകയും ചെയ്യുന്നതാണ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ. കാർഷിക മേഖലയെ സമുദ്ധരിക്കാനുള്ള കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ്

നിർദ്ദേശങ്ങൾ പ്രഖ്യാപനങ്ങളിൽ ഒതുങ്ങിനിൽക്കുകയാണ്. ഒരു കോടി രൂപയ്ക്ക് മേൽ ടെക്സ്റ്റയിൽസ് ഇനങ്ങളുടെ വിറ്റുവരവുള്ള വ്യാപാര സ്ഥാപനങ്ങളുടെ റെഡിമെയ്ഡ് ഒഴികെയുള്ള ടെക്സ്റ്റയിലുകളുടെ വിറ്റുവരവിന്മേൽ രണ്ട് ശതമാനം ടേൺ ഓവർ ടാക്സ് ഈടാക്കണമെന്ന വ്യവസ്ഥ ഒഴിവാക്കണം. കെട്ടിട നികുതി വർദ്ധിപ്പിച്ചതോടൊപ്പം കെട്ടിട നിർമ്മാണ സാമഗ്രികളുടെ നികുതി വർദ്ധിപ്പിച്ച നടപടി പ്രതിഷേധാർഹമാണ്. ഓട്ടോറിക്ഷയ്ക്ക് നികുതി വർദ്ധിച്ചത് പരിശോധിക്കപ്പെടേണ്ടതാണ്. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനു പകരം പുതിയ നികുതി നിർദ്ദേശങ്ങൾ ഏർപ്പെടുത്തിയ നടപടി അശാസ്ത്രീയ മാണ്. സംസ്ഥാന ജീവനക്കാരുടേയും അധ്യാപകരുടേയും ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണം. ബഡ്ജറ്റുകളിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകാൻ സർക്കാരിന് കഴിയണം. കഴിഞ്ഞ ബഡ്ജറ്റിൽ തിരുവനന്തപുരം നഗരത്തിനുവേണ്ടി പ്രഖ്യാപിച്ച പത്ത് പദ്ധതികളും പ്രഖ്യാപനങ്ങളിൽ ഒതുങ്ങിനിൽക്കുകയാണുണ്ടായത്. ആറ്റുകാൽ ക്ഷേത്ര വികസനത്തിനുവേണ്ടി 25 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തണം. എയ്ഡഡ് സ്കൂളുകളിൽ എം.എൽ.എ. ഫണ്ട് ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ അനുമതി നൽകണം. കഴിഞ്ഞ വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ട് ക്യാരി ഓവർ ചെയ്യാൻ കഴിയുമോ എന്നതുസംബന്ധിച്ച്

വ്യക്തത വരുത്തണം. അവശത അനുഭവിക്കുന്ന കായികതാരങ്ങൾക്ക് പെൻഷൻ നൽകാനുള്ള നടപടി സ്വീകരിക്കണം. തെരുവുനായ്ക്കളുടെ ശല്യത്തിന് അടിയന്തര പരിഹാരം കാണണം.

ശ്രീ. പി. എ. മാധവൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സർക്കാരിന്റെ ജനപിന്തുണ നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. ഈ ബഡ്ജറ്റിൽ നാടിന്റെ വികസനത്തിന് ഊന്നൽ നൽകുകയും കാർഷിക മേഖലയ്ക്ക് പ്രാമുഖ്യം നൽകുകയും ചെയ്തിട്ടുണ്ട്. തൃശൂർ ജില്ലയിലെ കോൾനിലങ്ങളുടെ സംരക്ഷണത്തിനായി പ്രത്യേക പാക്കേജ് കൊണ്ടുവന്ന നടപടി ആശാവഹമാണ്. കാർഷിക മേഖലയിൽ സുവ്യക്തമായ പരിപാടികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. കൃഷിഭൂമിയുടെ വിസ്തീർണ്ണം സംരക്ഷിച്ചുകൊണ്ട് ഹൈ-ടെക് കൃഷി സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയാണ് ബഡ്ജറ്റിൽ വിഭാവനം ചെയ്തിരിക്കുന്നത്. കർഷകരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താനും കുളമ്പുരോഗം പടർന്നുപിടിച്ചപ്പോൾ സർക്കാരിന്റെ സമയോചിതമായ ഇടപെടൽകൊണ്ട് മൃഗസംരക്ഷണ മേഖലയിൽ ക്ഷീരകർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും സാധിച്ചു. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ എല്.ഐ.സി.-യുമായി ബന്ധപ്പെട്ട പെൻഷൻ സ്കീമായി ഏറ്റെടുക്കാനും ഓട്ടോറിക്ഷയ്ക്ക് പ്രഖ്യാപിച്ച നികുതിയുൾപ്പെടെ സാധാരണ ജനങ്ങൾക്ക്

ദോഷകരമായി ബാധിക്കുന്ന നികുതികൾ പിൻവലിക്കാനും തയ്യാറാകണം. ലക്ഷം വീടുകളെ ഒറ്റ വീടാക്കാനും ഫിഷറീസ് കോളനികൾ പുനരുദ്ധരിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തണം. മുൻകാല പഞ്ചായത്ത് മെമ്പർമാർക്ക് പെൻഷൻ നൽകാനുള്ള പദ്ധതി കൊണ്ടുവരാനും സർക്കാർ തയ്യാറാകണം. കർഷകരേയും യുവജനങ്ങളേയും തൊഴിലാളികളേയും സംബന്ധിച്ചിടത്തോളം വളരെ പ്രയോജനകരമായ ബഡ്ജറ്റാണിത്.

<u>ശ്രീ കെ. കെ. നാരായണൻ:</u> ബഡ്ജറ്റിനെ എതിർക്കുന്നു. പദ്ധതികൾ അനുവദിക്കുന്ന കാര്യത്തിൽ പ്രതിപക്ഷാംഗങ്ങളുടെ മണ്ഡലങ്ങളെ പൂർണ്ണമായും അവഗണിച്ചിരിക്കുകയാണ്. ഇത് കേരളത്തിന്റെ പൊതു ബഡ്ജറ്റായി അംഗീകരിക്കാൻ സാധ്യമല്ല. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം ഉൾപ്പെടെ കേരളത്തിന്റെ ജനകീയ പ്രശ്നങ്ങളോട് വിമുഖത കാണിക്കുന്ന ബഡ്ജറ്റാണിത്. വിലക്കയറ്റം തടഞ്ഞു നിർത്താൻ യാതൊരു പദ്ധതികളും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല. സപ്ലൈകോ-കൺസ്യൂമർ ഫെഡ് പോലുള്ള സ്ഥാപനങ്ങൾക്ക് നീക്കിവച്ച തുക അപര്യാപ്തമാണ്. പരമ്പരാഗത വ്യവസായ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള പദ്ധതികളോ തൊഴിലില്ലായ്മ പരിഹരിക്കാനാവശ്യമായ നിർദ്ദേശങ്ങളോ ബഡ്ജറ്റിലില്ല. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പൂർത്തിയാക്കുന്നതിനുവേണ്ട തുക ബഡ്ജറ്റിൽ നീക്കിവച്ചിട്ടില്ല. വാഹനങ്ങൾക്ക് നികുതി വർദ്ധിപ്പിച്ചതുവഴി

വിലക്കയറ്റം ഉണ്ടാകും. ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന കാര്യത്തിലും ദുരിതാശ്വാസ സഹായം അനുവദിക്കുന്ന കാര്യത്തിലും സർക്കാർ വിവേചനം കാണിക്കുന്നു.

ശ്രീ. തോമസ് ചാണ്ടി: ബഡ്ജറ്റിനെ എതിർക്കുന്നു. നെൽകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ പദ്ധതികളൊന്നുംതന്നെ ബഡ്ജറ്റിലില്ല. കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന്റെ വില യഥാസമയം കൊടുക്കുന്നതിനുവേണ്ടി റിവോൾവിംഗ് ഫണ്ട് ഏർപ്പെടുത്തണം. കുട്ടനാട് റൈസ് ബയോ പാർക്ക്, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ അരിമില്, കുട്ടനാട് പൈതൃക പദ്ധതി എന്നിവയ്ക്കാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. കുട്ടനാടൻ പാടശേഖരങ്ങളിലെ മട വീഴ്ച, വെള്ളപ്പൊക്കം എന്നിവ തടയുന്ന നിർമ്മാണ പ്രവൃത്തികൾക്കായി ടെണ്ടർ ക്ഷണിച്ചുവെങ്കിലും ടെണ്ടർ എക്സസ് അനുവദിക്കാത്തതിനാൽ കോൺട്രാക്റ്റ് എടുക്കാത്ത സ്ഥിതിയാണുള്ളത്. പഞ്ചായത്ത് റോഡുകളുടെ പുനർനിർമ്മാണത്തിനുള്ള അധികാരം പി.ഡബ്ല്യു.ഡി.-യുടെ പക്കൽനിന്നും മാറ്റി പഞ്ചായത്തിന് കൊടുത്തിരിക്കുന്നത് സംബന്ധിച്ച് വ്യക്തതയുണ്ടാകണം. ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ ഈ വർഷം തന്നെ നടപ്പാക്കണം. റോഡ് നിർമ്മാണത്തിന് വ്യക്തമായ മാനദണ്ഡങ്ങളും കൃത്യമായ സംവിധാനവും ഉണ്ടാക്കണം. എം.-സാന്റിനും ഓട്ടോ റിക്ഷയ്ക്കും ഏർപ്പെടുത്തിയ നികുതി ഒഴിവാക്കണം.

<u>ശ്രീ. തോമസ് ഉണ്ണിയാടന്</u>: ബഡ്ജറ്റിനെ പിൻതാങ്ങുന്നു. സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇരുപതിനായിരം കോടി രൂപയുടെ വാർഷിക പദ്ധതിക്കാണ് ബഡ്ജറ്റിലൂടെ അംഗീകാരം നൽകിയിരിക്കുന്നത്. വികസന കാര്യങ്ങളിൽ കക്ഷിഭേദമെന്യേ എല്ലാ നിയോജകമണ്ഡലങ്ങളുടെയും വികസനം മുന്നിൽ കണ്ട ബഡ്ജറ്റാണിത്. കാരുണ്യ, മംഗല്യ തുടങ്ങിയ ലോട്ടറിയിൽനിന്നുമുള്ള വരുമാനം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിന് സാധിച്ചു. ആരോഗ്യ കിരണം, കോക്ലിയാർ ഇമ്പ്ലാന്റേഷൻ പദ്ധതി, കാൻസർ റിസർച്ച് സെന്റർ തുടങ്ങിയവ പാവപ്പെട്ട ജനങ്ങൾക്ക് ആശ്വാസം നൽകുന്നവയാണ്. സാമൂഹ്യക്ഷേമ പെൻഷനുകളെല്ലാം ഈ ബഡ്ജറ്റിലൂടെ വർദ്ധിപ്പിച്ചിരിക്കുന്നത് സ്വാഗതാർഹമാണ്. ഹൈടെക് കൃഷി പദ്ധതിയും രണ്ട് ഹെക്ടർവരെ കൃഷിഭൂമിയുള്ള എല്ലാ കൃഷിക്കാർക്കും ഏർപ്പെടുത്തുന്ന ഇൻഷ്വറൻസ് പദ്ധതിയും കാർഷിക മേഖലയ്ക്ക് ഏറെ ആശ്വാസകരമാണ്. തുണിത്തരങ്ങൾക്ക് ഏർപ്പെടു ത്തിയ നികുതി ഒഴിവാക്കണം. സെയിൽസ് ടാക്സ് അപ്പീൽ കൊടുക്കുന്ന തിനുള്ള പ്രൊവിഷൻ പഴയപടി തന്നെ നിലനിർത്തണം.

<u>ശ്രീമതി ജമീലാ പ്രകാശം:</u> ബഡ്ജറ്റിനെ എതിർക്കുന്നു. കഴിഞ്ഞ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച കോക്കനട്ട്, റൈസ്, ബയോ പാർക്കുകൾ

സ്ഥാപിക്കാനും നീര ഉത്പാദനം പ്രാവർത്തികമാക്കാനും സാധിച്ചില്ല. കരിമണൽ നിക്ഷേപം സംബന്ധിച്ച യാതൊരുവിധ നിർദ്ദേശങ്ങളും ബഡ്ജറ്റിലില്ല. മാലിന്യമുക്ത കേരളം പദ്ധതി പ്രഖ്യാപിച്ചുവെങ്കിലും മാലിന്യനിർമ്മാർജ്ജനത്തിനായി ഒരു പദ്ധതിപോലും നടപ്പാക്കാൻ സാധിച്ചില്ല. വൈകുണ്ഠസ്വാമി അന്തർദ്ദേശീയ ഗവേഷണപഠനകേന്ദ്രം സ്ഥാപിക്കുന്നതിനായി വകയിരുത്തിയ തുക അപര്യാപ്തമാണ്. ശിങ്കാരത്തോപ്പിൽ ചരിത്ര സാംസ്കാരിക മ്യൂസിയം സ്ഥാപിക്കണം. വട്ടിയൂർക്കാവിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്വാതന്ത്ര്യസമര ചരിത്ര മ്യൂസിയത്തിന് വട്ടിയൂർക്കാവ് സമര നായകനായ എ. കുഞ്ഞൻ നാടാരുടെ പേര് നൽകണം. പിന്നോക്കസമുദായക്ഷേമ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ക്രീമിലെയർ പരിധി ഉയർത്തുന്നതിനും നടപടി സ്വീകരിക്കുന്നതോടൊപ്പം ഇത് സംബന്ധിച്ച അവ്യക്തതയും ദൂരികരിക്കണം. അട്ടപ്പാടിയിലെ ആദിവാസികൾക്ക് അനുവദിക്കുന്ന അവശ്യസാധനങ്ങൾ അവർക്ക് ലഭിക്കാതിരിക്കുന്നത് സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണം. തീരദേശവാസികളായ മത്സ്യത്തൊഴിലാളികൾക്ക് പട്ടയം കൊടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം. കർഷകർക്കുള്ള കുടുംബസഹായ പദ്ധതി ഇഫക്ടീവല്ല. കാർഷികോത്പന്നങ്ങൾക്ക് പ്രൈസ് ഗ്യാരന്റി കൊടുക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. പ്രകൃതിക്ഷോഭം മൂലം കൃഷി നശിച്ചവർക്കുള്ള നഷ്ടപരിഹാരം നൽകിയിട്ടില്ല. വിലക്കയറ്റം

പിടിച്ചുനിർത്താൻ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. വനിതാ പോലീസിന്റെ അംഗബലം വർദ്ധിപ്പിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കണം. വിഴിഞ്ഞം തുറമുഖ വികസനത്തിനും കരമന-കളിയിക്കാവിള റോഡ് വികസനത്തിനും തുകയൊന്നും നീക്കിവച്ചിട്ടില്ല.

ശ്രീ. രാജു എബ്രഹാം: ബഡ്ജറ്റിനെ എതിർക്കുന്നു. വിലക്കയറ്റം തടയുന്നതിനാവശ്യമായ ഒരു നിർദ്ദേശവും ബഡ്ജറ്റിലില്ല. വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ നിർദ്ദേശമനുസരിച്ച് പുകയിലയ്ക്ക് ടാക്സ് ഏർപ്പെടുത്തണം. ജയിലിൽ കിടക്കുന്ന പ്രവാസികളെ മോചിപ്പിക്കുന്നതിന് നിയമസഹായം ഏർപ്പെടുത്തുന്നതിനും അവിടെ അപകടങ്ങളിൽപ്പെടുന്നവരെ സഹായിക്കാനും മൃതദേഹം നാട്ടിൽ എത്തിക്കുന്നതിനും പദ്ധതി നടപ്പാക്കണം. ക്രഷർ യൂണിറ്റുകളുടെ നികുതി വർദ്ധിപ്പിക്കുന്നതിലൂടെ മെറ്റലിനും എംസാന്റിനും വിലവർദ്ധിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ അവതാളത്തിലാകുകയും ചെയ്യും. ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ നിയമിച്ചിട്ടുള്ള പ്രൊമോട്ടർമാർക്ക് ഓണറേറിയം നൽകുന്നതിന് നടപടി സ്വീകരിക്കണം. കേരളാ ജേണലിസ്റ്റ് യൂണിയന്, പ്രാദേശിക പത്രപ്രവർത്തകർ എന്നിവർക്ക് പ്രഖ്യാപിച്ച തുക നൽകുന്നതിനും ക്ഷേമനിധി രൂപീകരിക്കുന്നതിനും ഐ.എ.വൈ. പ്രകാരമുള്ള വീടുകൾ പൂർത്തീകരിച്ച് നൽകുന്നതിനും നടപടി സ്വീകരിക്കണം. റബ്ബർ സംഭരണത്തിനുവേണ്ടി പ്രത്യേകം തുക മാറ്റിവയ്ക്കണം.

<u>ശ്രീ. അൻവർ സാദത്ത്:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. മണ്ണിനേയും കർഷകരേയും സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ബഡ്ജറ്റാണിത്.

**<u>ക്രമ പ്രശ്നം</u>**

**<u>കസ്തൂരി രംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് ചാനലുകളിൽ വന്ന വാർത്ത സംബന്ധിച്ച്</u>**

<u>ശ്രീ. പി.സി. ജോർജ്ജ്:</u> കസ്തൂരിരംഗൻ റിപ്പോർട്ടിൽ കേരളത്തിലെ 123 വില്ലേജുകൾ സെൻസിറ്റീവ് ഏരിയയായി പ്രഖ്യാപിച്ചതിനെതിരെ മുഖ്യമന്ത്രിയും നിയമസഭയും എല്ലാ രാഷ്ട്രീയ കക്ഷികളും കർഷകരുമൊക്കെ ശക്തമായ നിലപാട് സ്വീകരിച്ചുവെങ്കിലും ആ റിപ്പോർട്ട് വീണ്ടും അംഗീകരിച്ചതായുള്ള വാർത്ത ഇപ്പോൾ മാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുന്നത് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> ഇങ്ങനെ ഒരു വാർത്ത ചാനലിൽ വന്നപ്പോൾതന്നെ സംസ്ഥാനം കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടു. കേന്ദ്രമന്ത്രിയോ അദ്ദേഹത്തിന്റെ മന്ത്രാലയമോ ഇക്കാര്യം അറിഞ്ഞിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. ഹരിത ട്രൈബ്യൂണലിൽ ഈ കേസ് വന്നപ്പോൾ ഇപ്പോൾ കണ്ടെത്തിയ എല്ലാ വില്ലേജുകളും ഇ.എസ്.എ. ആയിട്ടാണ് കണക്കാക്കുന്നത് എന്ന് അഡ്വക്കേറ്റ് അവിടെ ഒരു പരാമർശം

നടത്തിയതാണ് ഇവിടെ ഉന്നയിച്ച വിഷയത്തിനാധാരമായിട്ടുള്ളത്. സംസ്ഥാന ഗവൺമെന്റുകൾക്ക് പറയാനുള്ളത് അറിഞ്ഞശേഷം മാത്രമേ കേന്ദ്ര ഗവൺമെന്റ് ഒരു തീരുമാനം എടുക്കുകയുള്ളൂ എന്ന് കേന്ദ്ര മന്ത്രി ഉറപ്പ് നൽകിയിട്ടുണ്ട്. അതിനാൽ ഈ വിഷയം സംബന്ധിച്ച് ആശങ്കപ്പെടേണ്ട കാര്യമില്ല.

(ചർച്ച തുടർച്ച)

<u>ശ്രീ. അൻവർ സാദത്ത്:</u> 90 ശതമാനം പ്രീമിയം നൽകിക്കൊണ്ട് നടപ്പിലാക്കുന്ന കർഷക ഇൻഷ്വറൻസ് പദ്ധതിയും കർഷക കുടുംബങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പെൺമക്കൾക്ക് സൗജന്യമായി ലാപ് ടോപ്പ് നൽകുന്നതിനുള്ള പ്രഖ്യാപനവും സ്വാഗതാർഹമാണ്. സംസ്ഥാനതലത്തിൽ സ്വയംസംരംഭക യൂണിറ്റിലെ അംഗങ്ങൾക്ക് 5 ശതമാനം ഗ്രെയ്സ് മാർക്കും ക്യാഷ് അവാർഡും നൽകുന്നത് അഭിനന്ദനാർഹമാണ്. മരണപ്പെടുന്ന കർഷകരുടെ കാർഷിക കടം ഏറ്റെടുക്കുക, പാവപ്പെട്ട കുടുംബത്തിലെ നിത്യരോഗികൾക്ക് ധനസഹായം നൽകുക, അനാഥ കുഞ്ഞുങ്ങളുടെ സൗജന്യ വിദ്യാഭ്യാസം തുടങ്ങിയ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങളെ സ്വാഗതം ചെയ്യുന്നു. കാൻസർ രോഗികളുടെ ചികിത്സയ്ക്കും രോഗം വരുന്നത് തടയുന്നതിനും സർക്കാർ ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്ന വിവിധങ്ങളായ പദ്ധതികൾ അഭിനന്ദനാർഹമാണ്. മൽസ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ

മണ്ണെണ്ണ നൽകുന്നതിന് തുക നീക്കിവച്ചിട്ടുള്ളത് അശ്വാസകരമാണ്. ഓട്ടോറിക്ഷയ്ക്ക് ഏർപ്പെടുത്തിയ നികുതിയും 'ഗഹാന്' പദ്ധതിക്ക് ഏർപ്പെടുത്തിയിട്ടുള്ള രജിസ്ട്രേഷൻ ഫീസും ഒഴിവാക്കണം. അന്യ സംസ്ഥാന തൊഴിലാളികൾക്ക് വാസകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തുക നീക്കിവച്ചിട്ടുള്ളത് സ്വാഗതാർഹമാണ്. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വർദ്ധിപ്പിച്ച നടപടിയെ അഭിനന്ദിക്കുന്നു. ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചതും മാനസിക രോഗികൾക്ക് പെൻഷൻ അനുവദിച്ചതും സാമൂഹ്യ സുരക്ഷയ്ക്ക് തുക വകയിരുത്തിയതും സ്വാഗതാർഹമാണ്. അംഗവൈകല്യം സംഭവിച്ച കുടുംബനാഥനോ/നാഥയ്ക്കോ അതിജീവന ധനസഹായം നൽകുന്നതിനുള്ള തീരുമാനം ആശ്വാസകരമാണ്. പ്രവാസികളുടെ പുനരധിവാസത്തിനും യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നൈപുണ്യ പ്രവർത്തനത്തിനും കെ.എസ്.ആർ.ടി.സി.-ക്ക് തുക അനുവദിച്ചതും നിത്യോപയോഗ സാധനങ്ങളുടെ വില കുറയ്ക്കാനുള്ള തീരുമാനവും പ്രശംസനീയമാണ്. കളിമൺപാത്ര നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന വേളാർ സമുദായത്തിനും മുൻ പഞ്ചായത്ത് മെമ്പർമാർക്കും പ്രാദേശിക പത്രപ്രവർത്തകർക്കും പെൻഷൻ അനുവദിക്കണം. സിവിൽ സപ്ലൈസിനും കൺസ്യൂമർഫെഡിനും വകയിരുത്തിയിട്ടുള്ള തുക വർദ്ധിപ്പിക്കണം. കേരളാ മെഡിക്കൽ ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കിയതും പാചകവാതകത്തിന് വില കുറച്ചതും സ്വാഗതാർഹമാണ്. ആലുവ നിയോജക

മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: ബഡ്ജറ്റിനെ എതിർക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെ പാടെ അവഗണിച്ച ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. പൊതുവിദ്യാഭ്യാസ രംഗം താറുമാറാ യിരിക്കുന്നു. മാതൃഭാഷ പ്രോത്സാഹിപ്പിക്കുന്നതിന് നിയമം കൊണ്ടുവരണം. ലൈബ്രറി കൗൺസിലുകളുടെ നിലനിൽപ്പിനും സി.എച്ച്.സി.കളുടെ നവീകരണത്തിനും ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണം. കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്താനായി എല്.ഡി.എഫ്. സർക്കാർ ആവിഷ്ക്കരിച്ച പദ്ധതികളും ആരോഗ്യസുരക്ഷാ പദ്ധതികളും അട്ടിമറിക്ക പ്പെട്ടിരിക്കുന്നു. പഞ്ചായത്തുകളിൽ പ്ലാൻ ഫണ്ടുകൾ ചെലവഴിക്കാത്തതിന്റെ കാരണം പരിശോധിക്കണം. ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ഭക്ഷ്യസംസ്കരണ കേന്ദ്രത്തെ ഹൈടെക് രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനും മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീമതി ഗീതാ ഗോപി :</u> ബഡ്ജറ്റിനെ എതിർക്കുന്നു. ജനദ്രോഹകരവും നിരാശാജനകവുമായ നിർദ്ദേശങ്ങളാണ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. നിത്യോപയോഗസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനും പൊതുവിതരണ രംഗം ശക്തിപ്പെടുത്തുന്നതിനും അടിസ്ഥാനമേഖലകളുടെ ഉന്നമനത്തിനുമുള്ള

നിർദ്ദേശങ്ങളൊന്നുംതന്നെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. സർക്കാരിന്റെ നയസമീപനംമൂലം നെൽക്കൃഷിക്കാർ ചൂഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. ജലാശയങ്ങളുടെയും നദികളുടെയും സംരക്ഷണത്തിനുവേണ്ടി ബഡ്ജറ്റിൽ ഒരു നിർദ്ദേശവും പരാമർശിച്ചിട്ടില്ല. നാട്ടിക നിയോജകമണ്ഡലത്തിലെ ചൊവ്വൂരിൽ ഫർണിച്ചർ വ്യവസായം തുടങ്ങുന്നതിനും പോലീസ് സ്റ്റേഷന്, ഫയർ സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. ചേർപ്പ്-എട്ടുമന തീരദേശമേഖലയിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും തൃശ്ശൂര്-പൊന്നാനി കോൾമേഖലകളുടെ ഉന്നമനത്തിനും തുണിത്തരങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള നികുതി പിൻവലിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. മമ്മൂട്ടി:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പാവപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചുകൊണ്ടുള്ള ഒരു ബഡ്ജറ്റാണിത്. ബി.പി.എല്.-എ.പി.എൽ വിഭാഗങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് അരി വിതരണം നടത്തുന്നതും പുതുതായി മെഡിക്കൽ കോളേജുകൾ അനുവദിച്ചതും സർക്കാരിന്റെ ഭരണനേട്ടത്തെ സൂചിപ്പിക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ നേതൃത്വത്തിൽ സമസ്ത മേഖലകളിലും വികസന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷം പുതിയതായി 12 താലൂക്കുകൾ രൂപീകരിക്കാൻ തീരുമാനിച്ചതും ഭൂരഹിതരില്ലാത്ത കേരളം എന്ന പദ്ധതി നടപ്പിലാക്കുകയും ചെയ്തത് ഈ

ഗവൺമെന്റിന്റെ ഇച്ഛാശക്തിക്ക് തെളിവാണ്. രാഷ്ട്രീയത്തിനതീതമായി കണ്ണൂർ ജില്ലയെ ഭൂരഹിതരില്ലാത്ത സമ്പൂർണ്ണ ജില്ലയായി പ്രഖ്യാപിച്ചത് ഈ ഗവൺമെന്റിന്റെ ആർജ്ജവത്തിന് ഉദാഹരണമാണ്. പാവപ്പെട്ട രോഗികളുടെ സഹായ ഹസ്തമായ കാരുണ്യ ബെനലവന്റ് പദ്ധതി വിപ്ലവകരമായ ചുവടുവയ്പായിരുന്നു. പാർശ്വവൽക്ക രിക്കപ്പെട്ട എല്ലാ വിഭാഗങ്ങൾക്കും ആനുകൂല്യം നൽകുന്ന ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. മാനദണ്ഡങ്ങളിൽ ഇളവുവരുത്തി കൂടുതൽ കുടുംബങ്ങളെ ബി.പി.എൽ. വിഭാഗത്തിൽപ്പെടുത്താനുള്ള തീരുമാനവും ആശ്വാസകരമാണ്. ഒരു ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ള കുടുംബത്തിലെ ഗൃഹനാഥനോ ഗൃഹനാഥയോ മരണപ്പെട്ടാൽ അത്തരം സാധു കുടുംബങ്ങളെ സഹായിക്കാൻ കുടുംബസഹായ പദ്ധതി പ്രഖ്യാപിച്ചതും ആശാവഹമാണ്. വസ്തുനിഷ്ഠമായി കാര്യങ്ങൾ കാണാനും രാജ്യത്തെ ഇന്നത്തെ അവസ്ഥയിൽനിന്നും മോചിപ്പിച്ചെടുക്കുന്നതിനുമുള്ള സംവിധാനമാണ് ഉണ്ടാകേണ്ടത്. സാമൂഹ്യമേഖലയ്ക്ക് കൂടുതൽ തുക വകയിരുത്തൽ, കാർഷികോൽപ്പന്നങ്ങളുടെ സംഭരണത്തിന് ന്യായവില, രണ്ടുഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ള കർഷകർക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നിവയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ്-മെഡിസിൻ കോഴ്സുകൾക്ക് പഠിക്കുന്ന പെൺ കുട്ടികൾക്ക് സൗജന്യമായി ലാപ് ടോപ് നൽകൽ, കർഷകർക്ക് അഗ്രി കാർഡ്

നൽകൽ, ക്രോപ് ലോൺ, ദീർഘകാല-മധ്യകാല വായ്പകൾ, ആധുനിക കാർഷിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ഹൈടെക് കൃഷി രീതി, അത്യുൽപ്പാദന ശേഷിയുള്ള വിത്ത്/തൈ ഉല്പാദന കേന്ദ്രങ്ങൾ, വെർട്ടിക്കൽ ഫാമിംഗ് തുടങ്ങിയ നിർദ്ദേശങ്ങളും സ്വാഗതാർഹമാണ്. മഴവെള്ളം ശേഖരിച്ചുവയ്ക്കുന്നതോടൊപ്പം ഭൂമിയിൽ പിടിച്ചുനിർത്തുന്നതിനുള്ള സംവിധാനം വ്യാപകമാക്കുന്നതിനായി നദികൾ, അരുവികൾ, ചെറു നീർച്ചാലുകൾ എന്നിവയുൾപ്പെടെ സൗകര്യമുള്ളിടത്തൊക്കെ ചെറുകിട ജലസംഭരണ സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള ജലസമൃദ്ധ കേരളം പദ്ധതിയും ഒരു നൂതന ആശയമാണ്. അതോടൊപ്പം മഴവെള്ളം ഫിൽട്ടർ ചെയ്ത് കിണറുകളിലേയ്ക്ക് ഒഴുക്കിവിടുന്നതിനുള്ള സംവിധാനംകൂടി ഏർപ്പെടുത്തണം. വിദ്യാർത്ഥി പ്രതിഭാ പുരസ്കാരം, യുവപ്രതിഭാ അവാർഡ് എന്നിവയെല്ലാം വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്ക് വഴിതെളിക്കും. കൃഷി അധിഷ്ഠിത വ്യാവസായിക അവാർഡ്, മത്സ്യവിപണന കേന്ദ്രങ്ങൾ തുറക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകൽ എന്നീ നിർദ്ദേശങ്ങളും അഭിനന്ദനാർഹമാണ്. സ്നേഹതീരം പദ്ധതി, അനാഥ കുഞ്ഞുങ്ങൾക്ക് പരിരക്ഷ നൽകാനുള്ള തീരുമാനം, ഒരു ലക്ഷം രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ള ഗുരുതരാവസ്ഥയിൽ കഴിയുന്ന രോഗികളുടെ ചികിത്സാ ചെലവിലേയ്ക്ക് പ്രതിമാസം 1000 രൂപ വരെ സഹായം നൽകുന്ന

പദ്ധതി എന്നിവയും അഭിലഷണീയമാണ്. തിരൂർ ജില്ലാ ആശുപത്രിയിൽ ഓങ്കോളജി ബ്ലോക്ക് അനുവദിക്കാനുള്ള തുക ബഡ്ജറ്റിൽ വകയിരുത്തണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ജില്ലാ ആശുപത്രിയായും താലൂക്ക് ആശുപത്രിയായും ഉയർത്തിയ ആശുപത്രികളിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കണം. മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണ പദ്ധതി ആവിഷ്ക്കരിച്ച് സി.ആർ.ഇസഡ്. വ്യവസ്ഥയിൽ ഇളവ് വരുത്തി വീട് വയ്ക്കാനുള്ള മാനദണ്ഡങ്ങൾ ക്രമവൽക്കരിക്കണം. ഓട്ടോറിക്ഷ, ബൈക്ക് എന്നിവയ്ക്ക് ഏർപ്പെടുത്തിയ നികുതി വർദ്ധന പിൻവലിക്കണം. ഒരു കോടി രൂപയ്ക്ക് മേൽ വിറ്റുവരവുള്ള റെഡിമെയ്ഡ് ഒഴികെയുള്ള ടെക്സ്റ്റയിലുകളുടെ വിറ്റുവരവിന്മേൽ രണ്ട് ശതമാനം ടേൺ ഓവർ ടാക്സ് ഈടാക്കണമെന്ന വ്യവസ്ഥയും ഒഴിവാക്കണം. വീട് വയ്ക്കുന്ന പാവപ്പെട്ടവർക്ക് കൺസെഷൻ റേറ്റിൽ എം-സാന്റ് നൽകാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ എം. ചന്ദ്രന്:</u> ബഡ്ജറ്റിനെ എതിർക്കുന്നു. ഉദ്യോഗസ്ഥർ എഴുതിയുണ്ടാക്കിയ വെറുമൊരു പുസ്തകത്തിനപ്പുറം ഒരു രാഷ്ട്രീയ വൈദഗ്ദ്ധ്യവും ബഡ്ജറ്റിൽ പ്രതിഫലിക്കുന്നില്ല. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള എല്ലാ ജില്ലകളേയും അവഗണിച്ച ബഡ്ജറ്റാണിത്. കർഷക ബഡ്ജറ്റാണെന്നും കർഷകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന ബഡ്ജറ്റാണെന്നും ചില മാധ്യമങ്ങളും ഭരണകക്ഷി അംഗങ്ങളും പറഞ്ഞാലും

കാർഷിക മേഖല ഇത്രമാത്രം തകർന്ന കാലഘട്ടം മുൻപ് ഉണ്ടായിട്ടില്ല. റബ്ബറും മറ്റു കാർഷിക വിളകളും തകർച്ച നേരിടുകയാണ്. കഴിഞ്ഞ നിരവധി ബഡ്ജറ്റുകളിലായി കർഷകർക്കുവേണ്ടി പലിശരഹിത വായ്പാ പദ്ധതി പ്രഖ്യാപിക്കുന്നുണ്ടെങ്കിലും സർക്കാരിന്റെ പദ്ധതിയായി നൽകുന്ന സംവിധാനം ഇതുവരേയും സംസ്ഥാനത്ത് നടപ്പാക്കിയിട്ടില്ല. ഹൈടെക് കൃഷി സംബന്ധിച്ച് മുൻ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചെങ്കിലും പ്രായോഗികമായി ഒന്നും നടപ്പാക്കിയിട്ടില്ല. കാർഷികമേഖലയിൽ വിലസ്ഥിരതയ്ക്കായുള്ള ഇൻഷ്വറൻസ് പദ്ധതി പ്രായോഗികമായി കർഷകർക്ക് പ്രയോജനം ചെയ്യുകയില്ല. വൈദ്യുതിയുടെ ആവശ്യം സംസ്ഥാനത്ത് കൂടിവരുന്ന സാഹചര്യത്തിൽ വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള പദ്ധതികൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല. 3500 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ സർക്കാർ ആവിഷ്ക്കരിച്ച ചീമേനി ഉൾപ്പെടെയുള്ള പദ്ധതികൾ പ്രാവർത്തികമാക്കാനുള്ള സമീപനം സർക്കാർ സ്വീകരിക്കുന്നില്ല. വിഭവ സമാഹരണത്തിനായി 1550 കോടി രൂപയുടെ അധിക നികുതി നിർദ്ദേശം പ്രാവർത്തികമാക്കുമ്പോൾ രൂക്ഷമായ വിലക്കയറ്റമുണ്ടാകും. ഓട്ടോറിക്ഷയ്ക്കും ടാക്സിക്കും ഏർപ്പെടുത്തിയ അധിക നികുതികൾ പിൻവലിക്കണം. നിലവിലുള്ള നികുതികൾ പിരിച്ചെടുക്കാതെ പുതിയ നികുതികൾ ചുമത്തുകയും നികുതിവെട്ടിപ്പുകാർക്ക് കൂട്ടു നിൽക്കുകയും ചെയ്യുന്ന സർക്കാരാണിത്.

മദ്യത്തിന്റെ വില വർദ്ധനവ് ബാർ ഉടമകൾ ലാഭമുണ്ടാക്കാൻ ഇടയാക്കും. ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിൽ ബില്ലില്ലാതേയും കൂപ്പൺ കൊടുക്കാമെന്ന് തീരുമാനിച്ചത് ഉദ്ദേശിച്ച വരുമാനം ലഭ്യമാകാത്ത സാഹചര്യം ഉണ്ടാക്കും. 2010-ലെ ആഭരണ നിർമ്മാണത്തൊഴിലാളി നിയമം ശരിയായ രീതിയിൽ നടപ്പിലാക്കണം. പാലക്കാട് റെയിൽ കോച്ച് ഫാക്ടറി നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

<u>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കണ്ണൂരിലെ തോട്ടട ഇ.എസ്.ഐ. ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയാക്കി ഉയർത്തുന്നതിനായി കേന്ദ്രസർക്കാരിന് കൈമാറുന്നതിന് നയപരമായ തീരുമാനമെടുക്കണം. പരിയാരം മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുത്ത് ശ്രീചിത്ര ആശുപത്രി മോഡലിലാക്കി മാറ്റണം. കണ്ണൂർ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡിൽ ഷോപ്പിംഗ് കോംപ്ലക്സ്-കം-ബസ് ടെർമിനൽ നിർമ്മിക്കണം. ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുപകരം ഫ്ലാറ്റ് മോഡലിൽ വീട് നിർമ്മിച്ച് കൊടുക്കണം. മാഹി-വളപട്ടണം ബൈപ്പാസ് സ്പെഷ്യൽ പ്രോജക്ടായി ഗവൺമെന്റ് ഏറ്റെടുക്കണം. ചീമേനിയിൽ എല്.എന്.ജി. അധിഷ്ഠിത വൈദ്യുത പദ്ധതി പ്രഖ്യാപിക്കണം. പാവപ്പെട്ട വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ് നൽകാനും നിത്യരോഗികളുടെ ചികിൽസാ ചെലവിലേയ്ക്ക് പ്രത്യേക

ധനസഹായം നൽകാനും ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കാനും തീരുമാനിച്ചത് സ്വാഗതാർഹമാണ്. നികുതി നൽകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങളെയും വ്യാപാരികളേയും ബോധവത്കരിക്കുന്നതിനുള്ള കാമ്പെയിൻ സംഘടിപ്പിക്കണം. പുതിയ മേഖലകളിൽ നികുതി ഏർപ്പെടുത്തിയത് ഗവൺമെന്റിന്റെ വരുമാനം വർദ്ധിപ്പിക്കും. നികുതിയേതര മേഖലകളിലും പുതിയ നികുതികൾ കണ്ടെത്തണം. നികുതി വെട്ടിപ്പ് തടയുന്നതിന് ഈ മേഖല ഡിജിറ്റൈസ് ചെയ്യണം. കമേഴ്സ്യൽ വിജിലൻസ് വിംഗ് ശക്തിപ്പെടുത്തണം. എക്സ്പെൻഡിച്ചർ റിവ്യു കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കണം. കെട്ടിട, ഭൂ നികുതികൾ വർദ്ധിപ്പിച്ച നടപടി സ്വാഗതാർഹമാണ്. മഴവെള്ളത്തിന്റെ സംഭരണ കേന്ദ്രമായ തണ്ണീർത്തടങ്ങൾ സംരക്ഷിക്കണം. കക്കാട് പുഴയെ പുനരുജ്ജീവിപ്പിക്കണം. വികസിത രാജ്യങ്ങളിലെപ്പോലെ ശാസ്ത്രീയമായി ഡ്രഡ്ജ് ചെയ്ത് പുഴകളുടെ ആഴം കൂട്ടി വിവിധ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തണം. പുഴകളുടേയും നദികളുടേയും പ്രശ്നങ്ങളെക്കുറിച്ച് പരിസ്ഥിതിവാദികൾ ഉന്നയിക്കുന്ന കാര്യങ്ങൾ വിദഗ്ദ്ധ പഠനത്തിന് വിധേയമാക്കണം.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. ബഡ്ജറ്റിന്റെ തുടക്കത്തിൽത്തന്നെ ധന ഉത്തരവാദിത്വനിയമം അപ്രായോഗികമാണെന്ന് പറഞ്ഞിട്ടുണ്ട്. ഈ ബഡ്ജറ്റ് സമ്പദ്‌വ്യവസ്ഥയെ ദുർബ്ബലമാക്കുന്നതും

സാമ്പത്തികശാസ്ത്രപരമായും ഘടനാപരമായും തെറ്റുള്ളതും അടിസ്ഥാന പ്രശ്നങ്ങളെ ശരിയായ രീതിയിൽ അഭിമുഖീകരിക്കാത്തതുമാണ്. സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്ന സാമ്പത്തിക മാന്ദ്യത്തെയും സാമ്പത്തിക തകർച്ചയെയും നേരിടാനുതകാത്ത ദിശാബോധമില്ലാത്ത ഒരു ബഡ്ജറ്റാണിത്. ബഡ്ജറ്റിൽ ജില്ലകളോടും മണ്ഡലങ്ങളോടും വിവേചനം കാണിക്കുന്നത് ഗുരുതരമായ അസന്തുലിതാവസ്ഥ സൃഷ്ടിക്കും. സംസ്ഥാനം നേരിടുന്ന പാരിസ്ഥിതിക തകർച്ചയുടെയും തൊഴിലില്ലായ്മയുടെയും ഭക്ഷ്യോദ്പാദന കുറവിന്റെയും ജൈവവൈവിദ്ധ്യ ശോഷണത്തിന്റെയും വിലക്കയറ്റത്തിന്റെയും പ്രധാന കാരണം കാർഷിക മേഖലയിലെ തകർച്ചയാണ്. സാമ്പത്തിക വ്യവസ്ഥയുടെ നട്ടെല്ല് കൃഷിയാണ്. റബ്ബർ ഒഴികെയുള്ള കൃഷിഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞുവരുന്നതിനാൽ കാർഷികമേഖലയിലുണ്ടാകുന്ന ഉത്പാദന വർദ്ധനവ് ശാശ്വതമല്ല. ഹൈടെക് കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ കൃഷിഭൂമിയുടെ വിസ്തീർണ്ണം കുറയുന്നതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ല. ഹൈടെക് കൃഷിക്ക് ആവശ്യമായ പുതിയ ക്രോസ് ബ്രീഡുകളും ടിഷ്യൂ കൾച്ചറുകളും ഉണ്ടാക്കുന്നതിന് ജൈവവൈവിദ്ധ്യം നിലനിർത്തണം. കാർഷിക മേഖലയുടെ തകർച്ചയുടെ അടിസ്ഥാന കാരണം ഇറിഗേഷന്റെ അഭാവമാണ്. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ഉൽപ്പാദന മേഖലയുടെ സംഭാവന നിരന്തരം കുറഞ്ഞുവരുന്നു. ടൂറിസം, റിയൽ എസ്റ്റേറ്റ് തുടങ്ങിയ

മേഖലകളുടെ വളർച്ചയാണ് ജി.എസ്.ഡി.പി.-യിലേക്ക് ഉത്പാദന മേഖലയുടെ സംഭാവന കുറയുമ്പോഴും ജി.ഡി.പി. വർദ്ധിക്കുവാനുള്ള കാരണം. കാർഷിക മേഖലയിലെ മൂലധന നിക്ഷേപവും ഇറിഗേഷൻ ഡെവലപ്മെന്റ് എക്സ്പെന്റിച്ചറും ഇൻഡസ്ട്രിയൽ എക്സ്പെന്റിച്ചറും സ്ഥിരമായി കുറഞ്ഞുവരുന്നു. ജി.ഡി.പി.-യുടെ നൂറ്റിയെൺപത്തിയഞ്ച് ശതമാനമായി റവന്യൂ കമ്മി വർദ്ധിച്ചതുകാരണം കേരളം കടക്കെണിയിലേക്കും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധികളിലേക്കും സ്റ്റാഗ്നേഷനിലേയ്ക്കും ഇൻഫ്ലേഷനിലേക്കും നയിക്കപ്പെടുന്നു.

**റൂളിംഗ്**

**ദേവസ്വം ബിൽ പരിഗണന സംബന്ധിച്ച്**

മി.സ്പീക്കർ : 2013-ലെ തിരുവിതാംകൂർ കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ, 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ എന്നിവ 23-01-2014-ൽ പരിഗണനയ്ക്കെടുത്ത വേളയിൽ ഈ ബില്ലുകൾ നേരത്തെ പ്രസിദ്ധീകരിച്ച 2013-ലെ 34, 35 എന്നീ ഓർഡിനൻസുകൾക്ക് പകരമുള്ളതാണെന്നും പുതിയ ഓർഡിനൻസുകളായ 2013-ലെ 42, 43 എന്നീ പുതിയ ഓർഡിനൻസുകൾക്ക് പകരമായി പുതിയ ബില്ലുകൾ പ്രസിദ്ധീകരിക്കേണ്ട എന്ന നിയമോപദേശം നിയമവകുപ്പ് നേരത്തെ നൽകിയിരുന്നോ എന്ന കാര്യം ഫയൽ വിളിച്ചുവരുത്തി പരിശോധിക്കണമെന്നും

ചില അംഗങ്ങൾ ആവശ്യപ്പെട്ടിരുന്നു.

മേൽപ്പറഞ്ഞ ബില്ലുകളെ സംബന്ധിച്ച നിയമ വകുപ്പിന്റെ 23459/ലെജി.ബി2/2012/നിയമം, 23460/ലെജി.ബി2/2012/നിയമം, എന്നീ നമ്പർ ഫയലുകൾ ചെയർ പരിശോധിച്ചു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള മേൽപ്പറഞ്ഞ ബില്ലുകൾ പതിമൂന്നാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളന കാലത്ത് നിയമസഭയിൽ സമർപ്പിച്ചുവെങ്കിലും പ്രസ്തുത സമ്മേളനത്തിൽ പാസ്സാക്കാൻ കഴിഞ്ഞില്ലെന്നും അതിനാൽ 34, 35 എന്നീ നമ്പർ ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിന് 42, 43 എന്നീ നമ്പരുകളിലായി പുതിയ ഓർഡിനൻസുകൾ വിളംബരപ്പെടുത്തിയിട്ടുണ്ടെന്നും അപ്രകാരം ഓർഡിനൻസ് മുഖേന നിയമനിർമ്മാണം ആവശ്യമായിത്തീർന്ന സാഹചര്യം വിശദീകരിക്കുന്ന ചട്ടം 75(2) പ്രകാരമുള്ള പ്രസ്താവന സഭയ്ക്ക് നൽകണമെന്നും മേൽപ്പറഞ്ഞ ഫയലുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതുപോലെതന്നെ സഭ മുമ്പാകെയുള്ള ബില്ലിൽ 42, 43 എന്നീ ഓർഡിനൻസുകൾക്ക് അനുസൃതമായി വരുത്തേണ്ട ഭേദഗതികളും ഫയലിൽ രേഖപ്പെടുത്തി അംഗീകാരം വാങ്ങിച്ചതായി കാണുന്നു. ചട്ടം 75(2) പ്രകാരമുള്ള മേൽപ്പടി സ്റ്റേറ്റ്മെന്റുകൾ 06-01-2014-ൽ ബഹു. ആരോഗ്യ വകുപ്പുമന്ത്രി ഓർഡിനൻസുകൾ സഭയുടെ മേശപ്പുറത്തുവച്ച വേളയിൽ അതോടൊപ്പം വച്ചിട്ടുണ്ട്. നിയമസഭയുടെ നിലവിലുള്ള ബില്ലിലെ വ്യവസ്ഥകൾ മുഴുവനായോ

ഭാഗീകമായോ അഥവാ ഭേദഗതികളോടുകൂടിയോ ഉൾക്കൊള്ളുന്ന ഒരു ഓർഡിനൻസ് പ്രസിദ്ധീകരിക്കുന്ന സാഹചര്യത്തിൽ മാത്രമാണ് ചട്ടം 75(2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് ഓർഡിനൻസ് പുറപ്പെടുവിച്ചതിന് തൊട്ടടുത്ത് വരുന്ന സമ്മേളനത്തിന്റെ പ്രാരംഭത്തിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടത്. ഇതിൽനിന്നും സഭ മുമ്പാകെ പെന്റിംഗ് ആയിട്ടുള്ള മേൽപ്പറഞ്ഞ രണ്ട് ബില്ലുകളിൽ 2013-ലെ 42,43 എന്നീ നമ്പർ ഓർഡിനൻസിന് അനുസൃതമായി മാറ്റങ്ങൾ വരുത്തി പരിഗണനയ്ക്ക് എടുക്കുവാൻ നിയമവകുപ്പ് നേരത്തെതന്നെ നിയമോപദേശം നല്കിയതായി കാണുന്നു.

## <u>ഉപചോദ്യം സംബന്ധിച്ച്</u>

<u>മി.സ്പീക്കർ</u> : ചോദ്യോത്തരവേളയിൽ ഉപചോദ്യം അനുവദിക്കുമ്പോൾ രണ്ട് പക്ഷത്തുമുള്ള ബഹു. അംഗങ്ങൾക്ക് പരമാവധി അവസരം ലഭിക്കുന്നതിന് ചെയർ പ്രത്യേക ശ്രദ്ധ നല്കാറുണ്ടെങ്കിലും അതുസംബന്ധിച്ച് ചില അംഗങ്ങൾ പരാതി ഉന്നയിച്ച സാഹചര്യത്തിൽ ചില കാര്യങ്ങൾ വ്യക്തമാക്കുവാൻ ചെയർ ആഗ്രഹിക്കുന്നു. ഉപചോദ്യം അനുവദിക്കുന്നത് സംബന്ധിച്ച് ഓരോ നക്ഷത്ര ചിഹ്നമിട്ട ചോദ്യത്തിനും 6-7 മിനിട്ട് സമയം അനുവദിച്ച് കുറഞ്ഞത് 10 ചോദ്യമെങ്കിലും സഭാതലത്തിൽ ചോദിക്കുവാനുള്ള അവസരം സൃഷ്ടിക്കണമെന്ന നിയമസഭാ ചട്ടങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച സമിതിയുടെ 2010-ലെ ശുപാർശ നടപ്പിലാക്കാൻ ചെയർ ആഗ്രഹിക്കുന്നതായി 2011 സെപ്റ്റംബർ 29-

ന് ഒരു റൂളിംഗ് നൽകിയിരുന്നു. ഒരു ദിവസം 3-4 ചോദ്യങ്ങൾ മാത്രമാണ് ഇപ്പോഴും സഭാതലത്തിൽ അനുവദിക്കുവാൻ കഴിയുന്നത്. ഈ സമ്മേളന കാലത്ത് ഇന്നുവരെ ഒമ്പത് ദിവസം ചോദ്യോത്തരവേള ഉണ്ടായിരുന്നു. 30 ചോദ്യങ്ങളാണ് ഇതുവരെ സഭാതലത്തിൽ ഉന്നയിക്കുവാൻ കഴിഞ്ഞത്. ഒരു ദിവസം ശരാശരി 28 അംഗങ്ങൾക്ക് ഉപചോദ്യം അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സമ്മേളനത്തിൽ ഒരു ചോദ്യവും ലഭിക്കാത്ത 15 അംഗങ്ങളും ഒരു ചോദ്യം മാത്രം ചോദിക്കാൻ അവസരം ലഭിച്ച 30 അംഗങ്ങളുമുണ്ട്. ഉപചോദ്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച നിയമസഭാ നടപടിചട്ടം 45-ലെ വ്യവസ്ഥകൾ അനുസരിച്ച് മുഖ്യചോദ്യത്തിൽനിന്നോ അതിന്റെ ഉത്തരത്തിൽനിന്നോ വ്യതിചലിക്കുന്നതും ഒന്നിൽ കൂടുതൽ വ്യത്യസ്തമായ സംഗതികൾ ഉൾപ്പെടുന്നതോ, വിവരം ആവശ്യപ്പെടുന്നതിന് പകരം വിവരം നൽകുന്നതോ ആയ ഉപചോദ്യങ്ങൾ അനുവദനീയമല്ല. നിയമസഭാ നടപടിചട്ടത്തിലെ ചട്ടം 45-ന് അനുസൃതമായി മാത്രമേ അംഗങ്ങൾക്ക് ഇനി ഉപചോദ്യം അനുവദിക്കുകയുള്ളൂ. ഉപചോദ്യങ്ങൾക്ക് ദീർഘമായ മറുപടി നല്കുന്ന രീതി മന്ത്രിമാർ ഒഴിവാക്കണമെന്നും ചെയർ അഭ്യർത്ഥിക്കുന്നു. ഉപചോദ്യം ലഭിക്കുന്ന അംഗങ്ങൾ കുറഞ്ഞത് 3 - 4 ദിവസം കഴിഞ്ഞുമാത്രമേ അതിനായി വീണ്ടും ആവശ്യം ഉന്നയിക്കാവൂ. കക്ഷിനേതാക്കൾക്ക് ചിലപ്പോൾ കൂടുതൽ അവസരങ്ങൾ നല്കേണ്ടിവന്നേക്കും. കൂടുതൽ ചോദ്യങ്ങൾ സഭാതലത്തിൽ വരുന്നതിനും കൂടുതൽ

അംഗങ്ങൾക്ക് ഉപചോദ്യം അനുവദിക്കുന്നതിനും എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളുടെയും സഹകരണം ചെയർ അഭ്യർത്ഥിക്കുന്നു.

സഭ വൈകുന്നേരം 5.38-ന് പിരിഞ്ഞു.

*********